I ഇ.ബി. XII-കേരള നിയമസഭ /IV-13

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 മാർച്ച് 20, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

ആറളം ഫാം മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം

മി. സ്പീക്കർ : ആറളം ഫാം മേഖലയിൽ നിയമവാഴ്ച തകർക്കുകയും കശുവണ്ടിയും മറ്റ് ഉൽപ്പന്നങ്ങളും ഒരുപറ്റം ആളുകൾ കൊള്ളയടിക്കുകയും ആദിവാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്ത ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. സുധാകരൻ, വി.കെ. ഇബ്രാഹിം കുഞ്ഞ്, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആദിവാസികൾക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ള ആറളം ഫാമിലെ 7, 9, 10, 11, 12, 13 ബ്ലോക്കുകളിലുള്ള 3779 ഏക്കർ സ്ഥലത്തിൽ

840 ഏക്കർ സ്ഥലം ആദിവാസികൾക്ക് അനുവദിച്ചുകഴിഞ്ഞു.. ആദിവാസി വിമോചന മുന്നണി, ആദിവാസി ഗോത്ര മഹാസഭ, ആദിവാസി ക്ഷേമസമിതി തുടങ്ങിയ സംഘടനകളിൽപ്പെട്ട 1200-ൽപ്പരം ആദിവാസികൾ 9, 10, 12, 13 ബ്ലോക്കുകൾ കയ്യേറി 700-ഓളവും 7, 10 ബ്ലോക്കുകൾ കയ്യേറി ഉദ്ദേശം 500-ഓളവും കുടിലുകൾ കെട്ടി താമസിച്ചുവരികയാണ്. അവർക്ക് നൽകാൻ ഉദ്ദേശിച്ച ഭൂമിയിലെ ആദായം അവർ എടുക്കുന്നതിനെ ആരും ഭീഷണിപ്പെടുത്തുകയോ കയ്യേറ്റം ചെയ്യുകയോ ചെയ്തിട്ടില്ല. മറ്റ് ഭൂമിയിലുള്ള കാർഷികാദായങ്ങൾ ആറളം ഫാം അധികൃതരാണ് എടുക്കുന്നത്. ആറളം ഫാമും സമീപ പ്രദേശങ്ങളും വിവിധ സംഘടനകളിൽപ്പെട്ടവർ കയ്യേറിയ സാഹചര്യം പരിഗണിച്ച് അവിടെ പോലീസ് ഔട്ട് പോസ്റ്റും പോലീസ് പട്രോളിംഗും ഏർപ്പെടുത്തിക്കൊണ്ട് ക്രമസമാധാനം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദിവാസികളെ സംരക്ഷിച്ചുകൊണ്ട് ആറളം ഫാം പ്രശ്നം സമചിത്തതയോടുകൂടി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ജില്ലാ കളക്ടറും വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. അർഹരായ ആദിവാസികളെ കണ്ടെത്തി ഭൂമി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. അവിടെ ഗുരുതരമായ സ്ഥിതിവിശേഷമില്ലാത്തതിനാൽ സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. കെ. സുധാകരൻ: അവിടെ നിലനിൽക്കുന്ന പ്രശ്നങ്ങൾ ഗൗരവത്തോടുകൂടിത്തന്നെ ഗവൺമെന്റ് കാണണം. ഇൻഡ്യയിലെ ഏറ്റവും മാതൃകാപരമായ ഫാം ആണിത്. ആദിവാസികൾക്ക് ഭൂമി പതിച്ചു

കൊടുക്കുന്നതിനുള്ള തീരുമാനം എടുത്തത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. 2000 പേരുടെ ബനിഫിഷ്യറി ലിസ്റ്റ് തയ്യാറാക്കിയെങ്കിലും തെരഞ്ഞെടുപ്പ് വന്ന സാഹചര്യത്തിൽ 840 പേർക്ക് മാത്രമേ ഭൂമി വിതരണം ചെയ്യാൻ സാധിച്ചുള്ളൂ. ആദിവാസി ഗോത്ര മഹാസഭയുടെ നേതൃത്വത്തിൽ 9, 13 ബ്ലോക്കുകൾ കൈയ്യേറി താമസിക്കുന്നവർ ഈ ലിസ്റ്റിൽപ്പെടുന്നവ രാണ്. അവർ ഹൈക്കോടതിയുടെ ഡയറക്ഷൻ വാങ്ങിയിട്ടുണ്ട്. ഒരു മാസത്തിനുമുമ്പ് ആദിവാസികളല്ലാത്ത കുറേപേർ ഫാം കയ്യേറി ഭൂമി കൈവശപ്പെടുത്തുകയും കശുവണ്ടിയും മറ്റ് കാർഷികോൽപ്പന്നങ്ങളും കൊള്ളയടിക്കുകയുമാണ്. ആദിവാസികൾക്ക് ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കാൻ കഴിയുന്നില്ല. അർഹതപ്പെട്ട ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. അവിടെ ഗുരുതരമായ സ്ഥിതി വിശേഷമാണ് ഇപ്പോഴുള്ളത്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: വളരെ സമചിത്തതയോടുകൂടി കൈകാര്യം ചെയ്യേണ്ട പ്രശ്നമാണിത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ആദ്യമായി ഭൂമി കയ്യേറ്റം നടന്നത്. അർഹരായ ആദിവാസി കളെ കണ്ടെത്തി 3779 ഏക്കർ ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചുവരിക യാണ്. അതിന് ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 6591 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആദിവാസികൾക്ക് മുൻഗണന കൊടുക്കണ മെന്നും ബാക്കിയുള്ള ഭൂമി വയനാട് ജില്ലയിലുള്ള ആദിവാസികൾക്ക് നൽകണമെന്നുമുള്ള നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ

യൂണിറ്റുകളെക്കൊണ്ടും വില്ലേജ് ഓഫീസർമാരെക്കൊണ്ടും ആദിവാസി ഊരുക്കൂട്ടംവഴിയും അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. മാർച്ച് 25-ാം തീയതി ഇത് സംബന്ധിച്ച് ലിസ്റ്റ് പ്രസിദ്ധീകരിക്കും. എല്ലാ അപേക്ഷകളും പരിഗണിച്ച് അർഹരായവരെ കണ്ടെത്തും. ഈ പ്രശ്നം പരിഹരിക്കുന്നതിന് എല്ലാപേരുടെയും സഹകരണം ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് ട്രഡീഷണൽ ഡ്വല്ലേഴ്സ് ആക്ടിന് റൂൾ തയ്യാറാക്കുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. അർഹരായവർക്ക് ഭൂമി നൽകി അനർഹരെ ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന് അനുവാദം നൽകിയിട്ടുണ്ട്, അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരികയാണ്. ബലപ്രയോഗത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കരുത് എന്നാണ് സർവ്വകക്ഷിയോഗം എടുത്ത തീരുമാനം. അർഹരായവരെ കണ്ടെത്തി അവർക്ക് ഭൂമി നൽകുന്നതിനും അനർഹരായവരെ ഒഴിപ്പിക്കുന്നതിനുമാവശ്യമായ എല്ലാ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുന്നപക്ഷം അക്കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്. ആറളത്ത് പോലീസ് ഔട്ട് പോസ്റ്റ് വർഷങ്ങളായി നിലനിൽക്കുന്നതാണ്. 3500-ഓളം ആദിവാസികൾ ആ പ്രദേശത്ത് വരുന്നതോടുകൂടി ഇതൊരു പ്രധാന ആദിവാസി മേഖലയായി മാറും. മാനുഷിക പരിഗണനവച്ചാണ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം.മാണി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൻമാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ടു പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് പരീക്ഷ ഒഴിവാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.എ.പി. അനിൽകുമാർ: വിദ്യാഭ്യാസ രംഗത്ത് എം. ബി. ബി. എസ്, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് പ്രവേശനത്തിനുള്ള മാനദണ്ഡം എൻട്രൻസ് എക്സാമിനേഷനാണ്. പ്രവേശനം സുതാര്യമായി നടത്തുക എന്ന സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന എൻട്രൻസ് എക്സാമിനേഷൻ ഇന്ന് വലിയ മത്സരവേദിയും വ്യവസായവുമായി മാറിയിരിക്കുകയാണ്. പ്രധാനപ്പെട്ട നഗരങ്ങളിലെ എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ സീറ്റ് കിട്ടണമെങ്കിൽ ശുപാർശയും സാമ്പത്തികമികവും അത്യാവശ്യമായി മാറിയിരിക്കുകയാണ്. ഈ പരീക്ഷാരീതിമൂലം കേരളത്തിലെ സമ്പന്നൻമാർക്കും നഗരവാസികൾക്കും മാത്രമായി ഉന്നത വിദ്യാഭ്യാസ മേഖല മാറിയിരിക്കുകയാണ്. സുപ്രീംകോടതിയുടെയും മെഡിക്കൽ കൗൺസിലിന്റെയും ഡയറക്ഷന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ എൻട്രൻസ് എക്സാമിനേഷനിൽ 40 ശതമാനം മാർക്ക് ലഭിക്കാത്ത 37 ആദിവാസി കുട്ടികൾക്ക് എം.ബി.ബി.എസ്.-നും എഞ്ചിനീയറിംഗിനും പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടു. യു.ഡി.എഫ് ഗവണ്മെന്റിന്റെ കാലത്ത്

ഇക്കാര്യം ചർച്ച ചെയ്ത് അതിനൊരു മാറ്റം വരുത്താൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. സാധാരണക്കാർക്കും ഉന്നതവിദ്യാഭ്യാസ മേഖലയിൽ എത്താൻ കഴിയത്തക്കവിധം മാറ്റങ്ങളുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നടത്തണമെന്ന 1981-ലെ ഹൈക്കോടതി വിധിയുണ്ടാകുന്നതുവരെ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശനം യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിലായിരുന്നു നടന്നിരുന്നത്. വ്യത്യസ്ത ബോർഡുകൾ നടത്തുന്ന യോഗ്യതാപരീക്ഷകൾ മാനദണ്ഡമാക്കി പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നൽകുന്നത് അശാസ്ത്രീയമാണെന്ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലും ആൾ ഇൻഡ്യ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യുക്കേഷനും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇക്കാര്യത്തെ സംബന്ധിച്ച് സുപ്രീംകോടതിയും വിധി പുറപ്പെടുവിച്ചിട്ടുണ്ട്. സമ്പന്നർക്ക് പ്രത്യേക പരിഗണന ലഭിക്കുന്നുണ്ടെന്നതും അർഹരായ ആദിവാസി കുട്ടികൾക്കും പാവപ്പെട്ടവർക്കും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നിഷേധിക്കപ്പെടുന്നുണ്ടെന്നുള്ളതും സർക്കാർ ഗൗരവമായി കാണുന്നു. നിലവിലുള്ള പ്രവേശന പരീക്ഷാ സമ്പ്രദായം പരിഷ്ക്കരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ സെക്രട്ടറി കൺവീനറായി ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. സമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി

ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആദിവാസി കുട്ടികൾക്ക് ഈ വർഷം പ്രവേശനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(2) സി.എച്ച്.ആർ. ഭൂമിയിലെ കർഷകർക്കുണ്ടായിട്ടുള്ള ആശങ്ക

ശ്രീ. കെ.കെ. ജയചന്ദ്രൻ: ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വ് ഭൂമി സംബന്ധിച്ച കേസിൽ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്യേണ്ട സത്യവാങ്മൂലത്തെക്കുറിച്ച് കർഷകർക്കിടയിലുള്ള ആശങ്ക അകറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. ഏതാണ്ട് 1822-ൽ തിരുവിതാംകൂർ രാജാവിന്റെ കാലം മുതൽക്കെ പ്രസ്തുത പ്രദേശങ്ങളിൽ ഏലം കൃഷി നടന്നുവരികയാണ്. തുടർന്ന് ഏലം കൃഷിക്കാർക്ക് പല കാലഘട്ടങ്ങളിലായി അവരുടെ ഭൂമിക്ക് പട്ടയം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഏലം കൃഷിയില്ലാത്ത പുൽമേടുകളിൽ ഇതര കൃഷിക്കുള്ള അനുമതിയും നൽകിയിട്ടുണ്ടായിരുന്നു. സുപ്രീംകോടതി എമ്പവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് കൃഷിക്കാർ കുടിയിറക്ക് ഭീഷണി നേരിടുകയാണ്. . ഏലം കൃഷി ചെയ്യുന്ന ഭൂമി റവന്യൂ വകുപ്പിന്റേതും അവിടത്തെ മരങ്ങൾ വനം വകുപ്പിന്റേതും ആണെന്ന് സർക്കാർ അഫിഡവിറ്റ് നൽകുകയാണെങ്കിൽ അത് കൃഷിക്കാരെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി വെരിഫിക്കേഷൻ നടത്തി അതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് അനുകൂലമായ ഒരു അഫിഡവിറ്റ് സുപ്രീംകോടതിയിൽ ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വ് ഭൂമിയെ സംബന്ധിച്ച ആധികാരിക രേഖകളും പുരാതന രേഖകളും മറ്റ് ഡോക്കുമെന്റുകളും പരിശോധിച്ച് റവന്യൂ-വനം വകുപ്പുകൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതിയിൽ ഫയൽ ചെയ്യേണ്ട അഫിഡവിറ്റ് സർക്കാർ തയ്യാറാക്കുന്നത്. സി.എച്ച്.ആർ.മേഖലയിലെ ഭൂമി റവന്യൂ വകുപ്പിന്റെ കീഴിലും അവിടത്തെ മരങ്ങൾ വനം വകുപ്പിനു കീഴിലുമാണ്. 1-1-1977-ന് മുമ്പ് കുടിയേറിയ കൃഷിക്കാർക്കും ആദിവാസികൾക്കും ദുർബലവിഭാഗങ്ങൾക്കും ഏപ്രിൽ മാസം നടത്തുന്ന പട്ടയ മേളയിൽവച്ച് കൈവശാവകാശ രേഖയും പട്ടയവും നൽകുന്നതാണ്. അതോടൊപ്പം വനസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. റവന്യൂ ഭൂമിയിൽ കയ്യേറ്റം നടത്തുന്ന വൻകിടക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ. ഭൂമിയിലെ കൃഷിക്കാർ കുടിയിറക്കു ഭീഷണി എന്ന യാതൊരുവിധ ആശങ്കയും വച്ചുപുലർത്തേണ്ടതില്ല.

## സബ്മിഷൻ

### (1) ബാംഗ്ലൂർ ചൈതന്യ നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. റോഷി അഗസ്റ്റിൻ: ബാംഗ്ളൂരിലെ ചൈതന്യ നഴ്സിംഗ് കോളേജിൽ അഡ്മിഷൻ വാങ്ങിയ നിരവധി മലയാളി വിദ്യാർത്ഥികൾ പ്രസ്തുത കോളേജിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് മനസ്സിലാക്കി യോഗ്യതാ സർട്ടിഫിക്കറ്റ് തിരികെ വേണമെന്നാവശ്യപ്പെട്ടപ്പോൾ മാനേജുമെന്റ് നിഷേധാത്മക സമീപനം സ്വീകരിക്കുകയും അവരെ ക്രൂരമായി മർദ്ദിക്കുകയും പലരും

ആശുപത്രിയിലാവുകയും ചെയ്തു. കേരള സർക്കാർ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും മർദ്ദനമുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും ചെയ്യുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അംഗീകാരമില്ലാത്ത പ്രൊഫഷണൽ കോഴ്സുകൾക്ക് വൻതുക കോഴ കൊടുത്ത് അഡ്മിഷൻ വാങ്ങുന്ന വിദ്യാർത്ഥികൾ പല വിധ ക്രൂരതകൾക്കും വിധേയമാകുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുമായും ഐ.എം.സി. യുമായും ചർച്ച ചെയ്ത് പരിഹരിക്കാനും കേന്ദ്ര ഗവൺമന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. ഏത് സംസ്ഥാനത്തുള്ള നഴ്സിംഗ് കോളേജുകളിലും അഡ്മിഷൻ നേടുന്നതിന് മുമ്പ് ആ സ്ഥാപനത്തിനും കോഴ്സിനും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുണ്ടോ എന്ന് ഉറപ്പ് വരുത്താൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അംഗീകരിച്ചിട്ടുള്ള നഴ്സിംഗ് കോളേജുകളുടേയും കോഴ്സുകളുടേയും പൂർണ്ണവിവരം കേരള നഴ്സിംഗ് കൗൺസിലിൽ ലഭ്യമാണ്.

(2) രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കേന്ദ്ര സർക്കാരിന് കൈമാറുന്നതിലെ കാലതാമസം

ശ്രീ. വി.ഡി. സതീശൻ: തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കേന്ദ്ര സർക്കാരിന് കൈമാറുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ അനാസ്ഥ കാരണം പുരോഗമിക്കുന്നില്ല. കേന്ദ്രം കഴിഞ്ഞ വർഷം അയച്ച MOU

സംസ്ഥാന നിയമവകുപ്പ് അംഗീകരിച്ചുതന്നതാണ്. 99 വർഷത്തെ ലീസ് 30 വർഷമായി ചുരുക്കണമെന്നും കൈമാറുമ്പോൾ തേർഡ് പാർട്ടിക്ക് കൊടുക്കരുതെന്നുമുള്ള MOU-ൽ കേന്ദ്ര ഗവൺമെന്റ് ഒപ്പിടണമെന്ന ആവശ്യമാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. 2006-ൽ ഇത് ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമുണ്ടായപ്പോൾ അനുവദിച്ച 35 കോടി രൂപ ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. അടിയന്തിരമായി നടപടികൾ സ്വീകരിച്ചാൽ 20 കോടി രൂപ അൺയൂട്ടിലൈസ്ഡ് ഫണ്ടിൽ നിന്ന് തരാമെന്ന് കേന്ദ്രമന്ത്രി സമ്മതിച്ചിട്ടുണ്ട്. ഈ സ്ഥാപനം കേന്ദ്ര സർക്കാർ ഏറ്റെടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): തിരുവനന്തപുരത്തുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കേന്ദ്ര ഗവണ്മെന്റ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് കേന്ദ്ര ബയോ ടെക്നോളജി വകുപ്പിൽ നിന്നും ലഭിച്ച കരട് ധാരണാപത്രം നിയമ, ധനകാര്യ വകുപ്പുകൾ പരിശോധിച്ച് തയ്യാറാക്കിയ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മറുപടി ലഭിച്ച ശേഷമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

(3) വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ

ശ്രീ. കെ. രാജു: വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കണം. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുമായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. ഈ

പദ്ധതികൾ പുനരവലോകനം ചെയ്യുന്നതിന് പരിശ്രമം നടക്കുന്നുണ്ടെങ്കിലും പുനലൂർ നിയോജകമണ്ഡലത്തിലുൾപ്പെടെയുള്ള ധാരാളം പദ്ധതികൾ ഫണ്ട് ഇല്ലാത്തതുകൊണ്ട് ഏറ്റെടുക്കാനും പൂർത്തീകരിക്കാനും കഴിയുന്നില്ല. ഫണ്ടില്ലാത്തതുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 57 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ മുടങ്ങിക്കിടക്കുമ്പോഴാണ് സംസ്ഥാന തലത്തിലുള്ള സാംഗ്ഷൻ കമ്മിറ്റിയുടെ യോഗം ചേർന്നപ്പോൾ വാട്ടർ അതോറിറ്റി 500 കോടി രൂപയുടെ ധനസഹായത്തിന് വേണ്ടിയുള്ള പദ്ധതികൾ സമർപ്പിച്ചത്. യോഗത്തിൽ പങ്കെടുത്ത ആസൂത്രണ ബോർഡ് സെക്രട്ടറി ഈ പദ്ധതികൾ ഇപ്പോൾ ആവശ്യമില്ലെന്ന അഭിപ്രായപ്രകടനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സാംഗ്ഷൻ കമ്മിറ്റി പുതിയ പദ്ധതി കൾക്ക് ധനസഹായം നൽകാനുള്ള തീരുമാനമെടുത്തില്ല. കുടിവെള്ളക്ഷാമം നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള സമീപനം സ്വീകരിക്കേണ്ട ആസൂത്രണബോർഡ് അംഗം തന്നെ ഇത്തരം സമീപനം സ്വീകരിക്കുന്നത് ഗവൺമെന്റിന്റെ വികസന നയങ്ങൾക്ക് വിരുദ്ധമായതുകൊണ്ട് അദ്ദേഹത്തിന്റെ പേരിൽ നടപടി എടുക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>): കേന്ദ്ര സർക്കാരിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടുകൂടി ആവിഷ്ക്കരിച്ചിട്ടുള്ള ഗ്രാമീണ ശുദ്ധജല പദ്ധതിപ്രകാരം 2009-ൽ കേരളത്തിലെ എല്ലാ വാർഡുകളിലും ശുദ്ധജലവിതരണം ആളോഹരി 40 ലിറ്റർ പ്രകാരം എത്തിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതികൾക്ക് അന്തിമമായി അനുമതി നൽകേണ്ടത് സ്റ്റേറ്റ് ലെവൽ

സാംഗ്ഷനിംഗ് കമ്മിറ്റിയാണ്. വരുന്ന രണ്ടു വർഷത്തെ പദ്ധതികൾ വിശദമായി പരിശോധിച്ചതിനുശേഷം കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചെങ്കിലും വ്യക്തമായ തീരുമാനം എടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി വീണ്ടും ചേർന്ന് അന്തിമ തീരുമാനം എടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി സമർപ്പിച്ചിട്ടുള്ളതുകൊണ്ട് ഫണ്ട് ലാപ്സാകുന്ന പ്രശ്നം വരുന്നില്ല ബന്ധപ്പെട്ടവരുടെ യോഗം ഇതിനുവേണ്ടി വിളിച്ചു ചേർക്കുന്നതോടൊപ്പം പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

(4) <u>അഞ്ചുചങ്ങല പ്രദേശത്തെ കൈവശഭൂമിക്ക് പട്ടയം</u>

<u>ശ്രീ. വി. ജെ. തങ്കപ്പൻ</u>: തിരുവനന്തപുരത്തെ നെയ്യാർ ഡാം റിസർവോയറിന്റെ ഇരുവശവുമുള്ള അഞ്ചുചങ്ങല പ്രദേശത്ത് 60 വർഷത്തോളമായി താമസിക്കുന്ന 400 പട്ടികവർഗ്ഗ കുടുംബങ്ങളുൾപ്പെടെ 1500-ഓളം കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കോളനികളിൽ നിന്ന് മെയിൻ ലാൻഡിലേയ്ക്ക് വരാൻ ഒരു പാലം പണിയുന്നതിനു വേണ്ട ശ്രമങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയതാണെങ്കിലും വനം വകുപ്പിന്റെ തടസ്സവാദംമൂലം പകുതി വഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. ആ പാലം പണിയുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>): മൂന്ന് മാസത്തിനുള്ളിൽ എല്ലാ തടസ്സങ്ങളും സർക്കാർ തലത്തിൽ

ഒഴിവാക്കിക്കൊണ്ട് ഇവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പാലം പണി തുടങ്ങുന്നതിനുള്ള നിർദ്ദേശവും നൽകുന്നതാണ്. കൂടാതെ റിസർവോയറിൽ ചീങ്കണ്ണികളുടെ ശല്യം കൂടുതലുള്ളതുകൊണ്ട് ചങ്ങാടം ഉപയോഗിക്കുന്ന സ്ഥലത്ത് നാല് വഞ്ചികൾ കൂടി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(5) പാലാ ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. കെ.എം. മാണി: പാലാ ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജന്റെയും ജനറൽ സർജന്റെയും ഓർത്തോപീഡിക് സർജന്റെയും ഒഴിവുകൾ നികത്തുന്നതിനും കാഷ്വാലിറ്റിയിൽ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനും ബ്ളഡ് ബാങ്കിൽ ആവശ്യത്തിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മറ്റു പല ആശുപത്രികളേയും അപേക്ഷിച്ച് മെച്ചപ്പട്ട രീതിയിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ സർജന്റെയും അസിസ്റ്റന്റ് സർജന്റേയും ഓർത്തോപീഡിക് സർജന്റേയും ഒഴിവുകൾ നികത്തുന്നതിന് ജനറൽ ട്രാൻസ്ഫർ വരുന്ന സമയത്ത് പ്രത്യേക പരിഗണന നൽകുന്നതാണ്. അവിടെ 600 ഓളം ഒ.പി. ഉണ്ടെങ്കിലും ഐ.പി. ശരാശരി 27 മാത്രമേയുള്ളൂ. ഈ സാഹചര്യത്തിൽ ഇത്രമാത്രം ഡോക്ടർമാരും നഴ്സുമാരും അവിടെ വേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്.

(6) <u>കോഴിക്കോട് ഗവൺമെന്റ് ലെപ്രസി ഹോസ്പിറ്റൽ</u>

<u>ശ്രീ. പി. എം.എ. സലാം:</u> കോഴിക്കോട് ഗവൺമെന്റ് ലെപ്രസി ഹോസ്പിറ്റലിലെ രോഗികൾ ഇന്ന് വളരെയധികം പ്രയാസങ്ങളനുഭവിക്കുകയാണ്. രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നത് അവിടത്തെ സഹകരണസംഘമാണ്. ഭക്ഷണത്തിന് നൽകിയിരുന്ന ഗ്രാന്റ് അപര്യാപ്തമായതിനാൽ 35 ശതമാനം വർദ്ധിപ്പിച്ച് ഇത്തരത്തിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നൽകിയിരുന്നുവെങ്കിലും 1997 മുതൽ ഈ വർദ്ധിപ്പിച്ച ആനുകൂല്യം ഇവിടത്തെ സംഘത്തിന് നല്കുന്നില്ല. നൂറനാട്, കൊരട്ടി തുടങ്ങിയ കുഷ്ഠരോഗാശുപത്രികളിലെ സംഘങ്ങൾക്ക് നൽകുന്ന ഈ ആനുകൂല്യം കോഴിക്കോട് ഗവൺമെന്റ് ലെപ്രസി ഹോസ്പിറ്റലിലെ സഹകരണ സംഘത്തിനും നൽകുന്നതിന് നടപടി സ്വീകരിക്കണം. ഈ ആശുപത്രി കോംപ്ലക്സിന്റെ പരിസരത്ത് ഭീഷണിയായും വെട്ടി മാറ്റേണ്ടതായും നിൽക്കുന്ന മരങ്ങൾ ലേലം ചെയ്തു പുറത്തേയ്ക്ക് നൽകുന്നതിനു പകരം ഫോറസ്റ്റ് കൺസർവേറ്റർ നിശ്ചയിക്കുന്ന വിലയ്ക്ക് ഈ സഹകരണ സംഘത്തിന് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. .

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u>: സ്ത്രീകളും പുരുഷൻമാരുമടക്കം 155 രോഗികളുള്ള ചേവായൂർ ഗവൺമെന്റ് കുഷ്ഠരോഗാശുപത്രിയുടെ സ്ഥിതി താരതമ്യേന മെച്ചമാണ് മറ്റാശുപത്രികൾക്ക് നൽകിവരുന്ന ആനുകൂല്യം നിഷേധിച്ചത് സംബന്ധിച്ച് പരിശോധിച്ച് അത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ആശുപത്രിയുടെ പരിസരത്തുള്ള ഉപയോഗശൂന്യമായ

മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള അനുവാദം അവിടത്തെ സഹകരണ സംഘത്തിന് നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ് ചേവായൂർ ഗവൺമെന്റ് കുഷ്ഠരോഗാശുപത്രിയുടെ പൊതു സ്ഥിതിയെ സംബന്ധിച്ച് സ്ഥലം സന്ദർശിച്ച് വിലയിരുത്തിയശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. .

(7) പിടിച്ചെടുക്കുന്ന വാഹനങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സംസ്ഥാനത്തുള്ള എക്സൈസ്–താലൂക്ക് ഓഫീസുകൾ, പോലീസ് സ്റ്റേഷൻ എന്നിവയുടെ കോംപൗണ്ടുകളിലായി കിടക്കുന്ന പല കേസുകളിലായി കണ്ടുകെട്ടപ്പെട്ട കോടിക്കണക്കിന് രൂപ വിലവരുന്ന വാഹനങ്ങൾ അപ്പപ്പോൾത്തന്നെ ലേലം ചെയ്ത് ഡിസ്പോസ് ചെയ്യുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ അതിന് നിയമഭേദഗതി വരുത്തി ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള നിയമപ്രകാരം അബ്കാരി കേസുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ അസിസ്റ്റന്റ് എക്സൈസ്സ് കമ്മീഷണർ മുൻപാകെ ഹാജരാക്കിയാൽ വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിക്കുകയും അവസാനം എക്സൈസ്സ് മെക്കാനിക്കൽ എൻജിനീയർ കമ്പോള വില നിശ്ചയിച്ച് ലേലം ചെയ്യുകയും ചെയ്യും. . ഇത്രയും നടപടികമങ്ങൾ പൂർത്തിയാക്കുമ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് 24-1-

07-ന് എക്സൈസ്സ് വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വളിച്ച് ചേർത്ത് എത്രയും വേഗം നടപടി സ്വീകരിക്കണമന്നാവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴുള്ള നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്നതിനെ ക്കുറിച്ചും ആലോചിക്കാവുതാണ്. എക്സൈസ്സ് ഡിപ്പാർട്ടുമെന്റ് പിടിച്ചെടുക്കുന്ന കോടതിയിലിരിക്കുന്ന കറൻസി നോട്ടുകൾ കാലപ്പഴക്കം കൊണ്ട് നശിച്ചുപോകുന്നതിനാൽ അത് ട്രഷറിയിലടപ്പിക്കുന്നതിന് കഴിയുമോ എന്ന കാര്യവും പരിശോധിക്കുന്നതാണ്.

(8) <u>മുൻസിഫ് -മജിസ്ട്രേട്ട് നിയമനങ്ങൾ</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദു കുട്ടി):</u> മുൻസിഫ് – മജിസ്ട്രേട്ടുമാരുടെ നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ കെ.എസ്.ആന്റ് എസ്. എസ്.ആർ.- ലെ സംവരണ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ജനറൽ കാറ്റഗറിക്കുള്ളതുപോലെ മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും പ്രിലിമിനറി പരീക്ഷയിലും മറ്റും കട്ട് ഓഫ് മാർക്ക് നിശ്ചയിച്ചിരിക്കുന്നത് പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണം അട്ടിമറിക്കാനാണ്. അതുകൊണ്ട് ഇത് റദ്ദാക്കി കെ.എസ്.ആന്റ് എസ്. എസ്.ആർ. -ലെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> മുൻസിഫ്-മജിസ്ട്രേട്ടുമാരുടെ നിയമന നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

ഒഴിവുകൾ പരസ്യം ചെയ്തതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തുന്ന എഴുത്തുപരീക്ഷയുടേയും വാചാ പരീക്ഷയുടെയും അടിസ്ഥാനത്തിൽ യോഗ്യരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നത് കേരള ജൂഡീഷ്യൽ സർവ്വീസ് റൂൾ 91-ലെ 4, 7 എന്നീ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ രണ്ടാം ഭാഗത്തെ ചട്ടം 14 മുതൽ 17 വരെയുള്ള സംവരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാണ്. നിയമനങ്ങൾ നടത്തുമ്പോൾ സംവരണതത്വം കർശനമായി പാലിക്കണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശദ്ധയിൽപ്പെടുത്തുന്നതാണ്. പിന്നോക്ക വിഭാഗങ്ങളുടെ അർഹമായ സംവരണം അട്ടിമറിക്കുന്ന ഒരു നടപടിയും സർക്കാർ അനുവദിക്കുന്നതല്ല. .

(9) നൂറനാട് സബ്ട്രഷറി

ശ്രീ. കെ. കെ. ഷാജു: പന്തളം നിയോജകമണ്ഡലത്തിലെ നൂറനാട് . 12 വർഷങ്ങൾക്ക് മുമ്പ് _ആരംഭിച്ച ഒൺമാൻ ട്രഷറി സബ് ട്രഷറിയായി ഉയർത്തണമെന്ന ആവശ്യം പരിഗണിച്ച് പുതിയ സബ്ട്രഷറി തുടങ്ങാൻ തീരുമാനമായെങ്കിലും പുതുതായി പ്രഖ്യാപിച്ച 5 സബ് ട്രഷറികളുടെ ലിസ്റ്റിൽ നൂറനാട് സബ് ട്രഷറിയുടെ പേര് വിട്ടുപോയിരിക്കുന്നു. അതിനാൽ നൂറനാട് പ്രവർത്തിക്കുന്ന ഒൺമാൻ ട്രഷറികൂടി സബ് ട്രഷറിയായി പ്രഖ്യാപിച്ച് പുതിയ സബ് ട്രഷറിയുടെ ലിസ്റ്റിൽ ചേർക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കൂടുതൽ ട്രഷറികൾ ആരംഭിക്കണമെന്ന ആവശ്യം ഇരുഭാഗത്തുനിന്നും വന്നിട്ടുണ്ട്.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതൽ ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് മൊത്തത്തിൽ അവലോകനം നടത്തി ഇന്ന് പ്രവർത്തിക്കുന്ന ഒൺമാൻ ട്രഷറികൾ സബ് ട്രഷറികളാക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതാണ്. . .

(10) പാമ്പാടി ആർ.ഐ.ടി. എൻജിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ ഉണ്ടായ ബോംബ് സഫോടനം

ശ്രീ. പി.സി. വിഷ്ണുനാഥ്: കോട്ടയത്തെ പാമ്പാടി ആർ.ഐ.ടി. എൻജിനീയറിംഗ് കോളേജിലെ ബോയ്സ് ഹോസ്റ്റലിൽ 16-3-2007-ന് ബോംബ് സ്ഫോടനമുണ്ടായതിനുശേഷം പോലീസ് നടത്തിയ അന്വേഷണത്തിൽ പൊട്ടാതെ കിടന്ന മറ്റൊരു ബോംബ്കൂടി കണ്ടെടുക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. ക്രിമിനൽ സംഘങ്ങളുടെ സുരക്ഷാ ഒളിത്താവളമായി മാറിയിരിക്കുന്ന ഹോസ്റ്റലുകൾ അടിയന്തിരമായി റെയ്ഡ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാമ്പാടി രാജീവ് ഗാന്ധി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ടെക്നോളജി എൻജിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ പെട്രോൾ നിറച്ച് തിരിയിട്ട് കത്തിച്ച് സ്ഫോടനമുണ്ടാക്കിയ സംഭവത്തിൽ പോലീസ് ബോംബ് സ്ക്വാഡിന്റെ സഹായത്തോടെ ഹോസ്റ്റലും പരിസരവും പരിശോധിച്ചതിൽ കുപ്പിയിൽ പെട്രോൾ നിറച്ച് തിരിവച്ച് സെലോഫിൻ ടേപ്പ് കൊണ്ട് ചുറ്റിയടച്ച നിലയിലുള്ള ഒരു കുപ്പി കാണുകയും അത് ബന്തവസ്സിൽ എടുക്കുകയും ചെയ്തു. പ്രതിയെ കണ്ടുപിടിക്കുന്നതിനുള്ള നടപടി പാമ്പാടി സർക്കിൾ

ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. പ്രത്യേക പരാതി കിട്ടാതെ വിദ്യാർത്ഥി ഹോസ്റ്റലുകളിൽ റെയ്ഡ് നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(11) എടക്കാട്ടെ ഓടക്കടവ്, വാരംകടവ് പാലങ്ങൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : 2001-ൽ പണി ആരംഭിച്ച എടക്കാട്ടെ വാരംകടവ്, ഓടക്കടവ് പാലങ്ങളുടെ പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് വാരംകടവ്, ഓടക്കടവ് പാലങ്ങളുടെ പണി ഏറ്റെടുത്തിട്ടുള്ളത്. ഓടക്കടവ് പാലവുമായി ബന്ധപ്പെട്ട് 250 മീറ്റർ അപ്രോച്ച്റോഡ് പൂർത്തിയായിക്കഴിഞ്ഞപ്പോൾ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോടതിയുടെ സ്റ്റേ ഉത്തരവ് വരികയും പണി നിറുത്തിവയ്ക്കുകയും ചെയ്തു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുവാനും പണി പൂർത്തീകരിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. വാരംകടവ് പാലത്തിന്റെ പണി പൂർത്തിയായി. അപ്രോച്ച്റോഡ് നിർമ്മാണത്തിൽ ഭൂമി താഴ്ന്നുപോകുന്നതു സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെ.എസ്.സി.സി. നിരക്കു വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് പണി പൂർത്തീകരിക്കുവാൻ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

(12) ആലപ്പുഴ മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ

ശ്രീ. എ.എം. ആരിഫ്: വണ്ടാനത്തേയ്ക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടിരിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയാ വിഭാഗം പഴയതു

പോലെ ആലപ്പുഴയിൽത്തന്നെ പ്രവർത്തിച്ചുവരികയാണ്. ജില്ലാ കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് പൂർണ്ണ സൗകര്യങ്ങളോടുകൂടിയ കോളേജും ആശുപത്രിയുമാക്കി ഇതിനെ മാറ്റുന്നതിനുള്ള അടിയന്തിര നടപടി ഉണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വണ്ടാനത്തേയ്ക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടിരിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജ് പൂർണ്ണ സൗകര്യങ്ങളോടുകൂടിയ കോളേജും ആശുപത്രിയുമാക്കി മാറ്റാൻ സമയബന്ധിതമായി സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശസ്ത്രക്രിയാവിഭാഗം വണ്ടാനത്തേയ്ക്ക് മാറ്റണമെങ്കിൽ അവിടത്തെ തീയേറ്റർ കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കണം. വൈദ്യുതീകരണം, ജലവിതരണം. സർജിക്കൽ കോംപ്ലക്സ് എന്നിവയ്ക്കുള്ള ഭരണാനുമതി എത്രയുംവേഗം നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 19-3-07-ന് റോഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

### (13) മലബാർ സിമന്റ്സിൽ നടന്ന ക്രമക്കേടുകൾ

ശ്രീ. കെ.കെ. ദിവാകരൻ: മലബാർ സിമന്റ്സിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടന്ന അഴിമതികളും ക്രമക്കേടുകളും പരിശോധിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): മലബാർ സിമന്റ്സിലെ കണക്കുകളും രേഖകളും അക്കൗണ്ടന്റ് ജനറൽ പരിശോധിക്കുകയും പോരായ്മകളും അപാകതകളുമുള്ളതായി പരാമർശിക്കുകയും ചെയ്തിട്ടുണ്ട്.

ചുണ്ണാമ്പുകല്ല് എടുത്തതിൽ അപാകതകൾ ഉണ്ടെന്ന പരാമർശത്തിന് എ.ജി.ക്ക് വിശദമായ മറുപടി നൽകിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(14) <u>കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ അഫിലിയേഷൻ</u>

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണെന്ന കാരണത്താൽ കോളേജിനുള്ള അഫിലിയേഷൻ റദ്ദ് ചെയ്തിരിക്കുകയാണ്. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയും കൂടുതൽ കോഴ്സുകൾ അനുവദിച്ചും കോളേജിന്റെ അഫിലിയേഷൻ നഷ്ടപ്പെടാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കാനുള്ള കാരണങ്ങൾ പരിശോധിച്ച് ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയത് കുസാറ്റ് രജിസ്ട്രാറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അനുകൂല തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(15) <u>സുപ്രീംകോടതി വിധിമൂലം തൃശൂർപൂരമടക്കമുള്ള ഉത്സവങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> കേരളീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ് ഉത്സവങ്ങളും വാദ്യങ്ങളും വെടിക്കെട്ടുകളും.. അടുത്ത ദിവസമുണ്ടായ സുപ്രീംകോടതി വിധി ആചാരാനുഷ്ഠാനങ്ങൾക്ക് വിഘാതം

സൃഷ്ടിച്ചിരിക്കുകയാണ്. അനേകം ചെണ്ടമേള വാദ്യക്കാരുടെ തൊഴിൽപരമായ പ്രശ്നം കൂടിയാണിത്. വിദേശ സഞ്ചാരികളെയും ഇത് വളരെയധികം ആകർഷിക്കുന്നതാണ്. ഇത് സംബന്ധിച്ച് വ്യക്തമായ പ്രതികരണം സർക്കാരിൽ നിന്നുണ്ടാകണം. ഉത്സവ വേളകളിൽ ആന കൾക്ക് വിലക്കു കൽപ്പിക്കുന്ന അശാസ്ത്രീയ നടപടി സംബന്ധിച്ച് എത്രയുംവേഗം അന്വേഷിച്ച് മുമ്പുള്ളതുപോലെ ഉത്സവങ്ങൾ നടത്താനുള്ള അവസരം ഉണ്ടാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): തൃശൂർ പൂരമുൾപ്പെ ടെയുള്ള ഉത്സവങ്ങളെയാണ് സുപ്രീംകോടതി വിധി ബാധിച്ചിരിക്കുന്നത്. തൃശൂർ പൂരം കമ്മിറ്റി ഉൾപ്പെടെ 6 ദേവസ്വങ്ങൾ സമർപ്പിച്ച റിട്ട് പെറ്റീഷനി ലാണ് ഈ വിധി ഉണ്ടായിട്ടുള്ളത്. ഇതിൽ സംസ്ഥാന സർക്കാർ കക്ഷി ചേരുകയും സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകൻ ഹാജരായി സ്റ്റേറ്റ്മെന്റ് കൊടുക്കുകയും ചെയ്തു. സെൻട്രൽ ആക്ടിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡ് ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വന്ന കോടതിവിധിയിൽ ലൗഡ്സ്പീക്കറോ ആംപ്ളിഫയറോ ഉപയോഗിക്കാൻ പാടില്ല 55 ഡെസിബലിൽ കൂടുതൽ ശബ്ദം പുറപ്പെടുവിക്കാൻ പാടില്ല തുടങ്ങിയ നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. 18-ാം തീയതി തൃശൂർ ജില്ലയിലെ ജനപ്രതിനിധികൾ, റവന്യൂ വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, ക്ഷേത്രസമിതി അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ ഒരു യോഗം കൂടി പൂരം നടത്തുന്നതിനെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്. 28-2-07-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി ഇതുസംബന്ധിച്ച

കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തണമെന്ന് രേഖാമൂലം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സുപ്രീംകോടതിയിൽ ഒരു റിവ്യൂ പെറ്റിഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്; തടസ്സം കൂടാതെ പൂരം നടത്തുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും എന്ന് ഉറപ്പു നൽകുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : ഉൽസവം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് മദപ്പാടുള്ള ആനകളെ എഴുന്നള്ളിപ്പിച്ചുകൊണ്ടുവരുന്നതുമൂലം  ചില അപകടങ്ങൾ ഉണ്ടാകുന്നുണ്ട്.. അത്തരം ആനകളെ കൊണ്ടുവന്ന് ഉത്സവങ്ങൾക്ക് തടസ്സമുണ്ടാക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃശൂർ പൂരത്തിന്റെ കാര്യത്തിൽ കേരളത്തിലെ മുഴുവൻ പൂര പ്രേമികളുടെയും  ഉൽക്കണ്ഠ മനസ്സിലാക്കി  ബഹുമാനപ്പെട്ട സ്പീക്കർ കൂടി മുൻകൈയെടുത്ത് കേന്ദ്രഗവണ്മെന്റിനോട് അനുമതി ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> എല്ലാവരും ഒരുമിച്ച് സമ്മർദ്ദം ചെലുത്തി എത്രയും പെട്ടെന്ന് ഇതിന് അംഗീകാരം വാങ്ങിയെടുക്കേണ്ടതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിച്ച 2006 മാർച്ച് 31- ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (സിവിൽ-വാല്യം II ) ധനകാര്യ വകുപ്പുമന്ത്രി  ഡോക്ടർ തോമസ് ഐസക് മേശപ്പുറത്തുവച്ചു

## റിപ്പോർട്ട് സമർപ്പണം

2006-ലെ കേരള മൽസ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമ സെസ്സ് ബില്ലിനെക്കുറിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

II, III, V, VI, VIII, IX- എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

(i) <u>2007-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ)</u>: 2007-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ)</u>: 2007-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കേരളത്തിലെ ഒന്നര ലക്ഷത്തിലധികംവരുന്ന കൈത്തറിത്തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണിത്. കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ഈ ക്ഷേമനിധി നിയമം 2002-ൽ കേരള ഹൈക്കോടതി അസാധുവാക്കിയതുമൂലം കഴിഞ്ഞ 5 വർഷമായി ഈ നിയമം മരവിപ്പിച്ചിരിക്കുകയായിരുന്നു. യു.ഡി.എഫ്. ഗവണ്മെന്റ് തയ്യാറാക്കിയ ക്ഷേമ സെസ്സ് ബിൽ പാസ്സാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ ഗവണ്മെന്റ് ഒരു ഓർഡിനൻസ് പ്രഖ്യാപിച്ചത്. ഈ ഓർഡിനൻസ് നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ലെന്നതുകൊണ്ടാണ് ഇപ്പോൾ ബിൽ അവതരിപ്പിക്കാൻ തീരുമാനിച്ചത്. ഗവർണ്ണറുടെ അംഗീകാരം ലഭിച്ച ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് എത്രയും പെട്ടെന്ന് പാസ്സാക്കി നിയമമാക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.എം. മാണി: This House resolves to disapprove The Kerala Handloom Workers' Welfare Cess Ordinance, 2007. (Ordinance No. 7 of 2007) എന്ന പ്രമേയം അവതരിപ്പിക്കുന്നു. കോൺസ്റ്റിറ്റ്യൂഷണൽ പോയിന്റുവച്ചാണ് ഈ ബില്ലിനെ നിരാകരിക്കുന്നത്. ഈ ബില്ലിന്റെ ഉദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്. കൈത്തറിത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് വരുമാനമുണ്ടാക്കുന്നതിനുള്ള നിർദ്ദേശവുമായി

യു.ഡി.എഫ്. ഗവണ്മെന്റ് കൊണ്ടുവന്ന ഈ നിയമം ഇലക്ഷൻ വന്നതുകാരണം റൂൾ ഫ്രെയിം ചെയ്ത് നടപ്പിലാക്കാൻ സാധിച്ചില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് 10 മാസമായിട്ടും നടപ്പിലാക്കിയിട്ടില്ല. ഈ ഗവണ്മെന്റ് 4 പ്രാവശ്യം റീപ്രൊമോൾഗേറ്റ് ചെയ്തതും നിലവിൽ വരാത്തതുമായ ഒരു ഓർഡിനൻസ് റിപ്പീൽ ചെയ്യുന്നതിലോ റീപ്ളേസ് ചെയ്യുന്നതിലോ അർത്ഥമില്ല. അതുകൊണ്ട് പുതിയ ബിൽ കൊണ്ടുവന്ന് എത്രയും പെട്ടെന്ന് ക്ഷേമനിധിയിലൂടെ വരുമാനമുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. 2007-08-ലെ ബഡ്ജറ്റിൽ കൈത്തറി തുണിത്തരങ്ങൾക്ക് ഒരു ശതമാനം വാറ്റ് ഏർപ്പെടുത്തിയതിനുപുറമേ വീണ്ടും ഒരു ശതമാനം സെസ്സ് കൂടി കൊണ്ടുവരുന്നതുമൂലം കൈത്തറി വ്യവസായം തകരുകയും വ്യവസായികൾ വ്യാപാരം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുമെന്നകാര്യത്തിൽ തർക്കമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 266 പ്രകാരം സംസ്ഥാനത്തിന്റെ എല്ലാ വരുമാനവും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് പോകേണ്ടത്. അതിനുശേഷം അപ്രോപ്രിയേഷൻ നിയമം പാസ്സാക്കി ബോർഡിന് കൊടുക്കണം. അതുകൊണ്ട് നേരിട്ട് ബോർഡിന് രൂപ കൊടുക്കുന്നതിൽ നിയമപരമായി തടസ്സമുണ്ട്. ഇക്കാരണങ്ങളാൽ ശരിയായ വ്യവസ്ഥകൾ വച്ചുകൊണ്ട് ഒരു പുതിയ ബിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവണ്മെന്റ് പരിശോധിക്കണം.

<u>ശ്രീ.പി. ജയരാജൻ</u>: 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി

ഗവണ്മെന്റിന് പാവപ്പെട്ട തൊഴിലാളികളോട് പ്രതിബദ്ധതയുണ്ടെന്നകാര്യം ഈ ബിൽ കൊണ്ടുവന്നതിലൂടെ വെളിപ്പെട്ടിരിക്കുകയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനങ്ങൾക്ക് ഉപകാരപ്രദമായ പല നിയമങ്ങളും പാസ്സാക്കുകയുണ്ടായി. കൈത്തറിത്തൊഴിലാളികളുടെ ക്ഷേമനിധി പിരിക്കാനുള്ള വകുപ്പ് ഹൈക്കോടതി റദ്ദാക്കിയിട്ട് അതിലെ തടസ്സവാദങ്ങൾ നീക്കംചെയ്യാൻ യു.ഡി.എഫ്. ഗവണ്മെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നത് ശ്രദ്ധേയമാണ്. തൊഴിലാളി വർഗ്ഗത്തിനും അധ്വാനിക്കുന്ന ജനവിഭാഗത്തിനും ആശ്വാസം നൽകുന്ന നടപടി കളിലേയ്ക്കാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഓരോ വർഷവും പിരിച്ചെടുത്ത സെസ്സ് തുകയുടെ ഒരു ശതമാനത്തിൽ കുറയാത്ത തുക ഇത് പിരിച്ചെടുക്കുന്ന ചെലവിനായി വകയിരുത്തേണ്ടതും ആ തുക ക്ഷേമനിധി ബോർഡിന്റെ ഫണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. അതുകൊണ്ട് ഭരണഘടനാ ലംഘനമൊന്നും ഉണ്ടായിട്ടില്ല. പല ബില്ലുകളും നിയമമാക്കാൻ ശ്രമിച്ചുവെങ്കിലും നിയമ പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശയനുസരിച്ചുള്ള ബില്ലുകൾ അവതരിപ്പിക്കാനുള്ള ഇച്ഛാശക്തി ഇല്ലാതിരുന്നതുകൊണ്ട് ഒന്നും നടന്നില്ല. കൈത്തറി വ്യവസായമേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികളാണ് പണിയെടുക്കുന്നത്. വ്യാപാരികളിൽനിന്നും പിരിച്ചെടുക്കുന്ന അംശദായത്തിലൂടെ കൈത്തറി ത്തൊഴിലാളി ക്ഷേമനിധിയിൽ ലഭ്യമായിരുന്ന തുക ഹൈക്കോടതി വിധി യുടെ പശ്ചാത്തലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ക്ഷേമ പദ്ധതിപ്രകാരം കൈത്തറിത്തൊഴിലാളികൾക്ക് കൊടുക്കേണ്ട പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ യു.ഡി.എഫ്. ഗവണ്മെന്റ് കൊടുത്തിരുന്നില്ല. ഈ

ഗവണ്മെന്റ് 15 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുവെങ്കിലും ഇനിയും 14 മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട്. ലോക വ്യാപാര കരാറനുസരിച്ച് 2007-ഓടുകൂടി ലോക മാർക്കറ്റിൽ ക്വാട്ടാ സംപ്രദായം അവസാനിക്കുകയാണ്. 200 കോടി രൂപയുടെ കൈത്തറിവസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്ന കണ്ണൂർ ജില്ലയെ സംബന്ധിച്ച് ഇത് വലിയൊരു തിരിച്ചടിയാണ്. ആഗോളവൽക്കരണത്തിന്റെ ഫലമായി കൈത്തറി വ്യവസായത്തിന് നൽകിയിരുന്ന സംരക്ഷണ നടപടികൾ ചുരുക്കിക്കൊണ്ടു വരികയാണ്. 2002 മുതൽ റിബേറ്റ് പൂർണ്ണമായും നിറുത്തലാക്കി. ഖാദി, കൈത്തറി മേഖലകൾക്കുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യുന്ന ഗവണ്മെന്റാണിത്. സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം എന്ന നിലയിലും സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്ന നിലയിലും പ്രഖ്യാപനം നടത്തിയ ഗവണ്മെന്റാണിത്. നിലവിലുള്ള ക്ഷേമനിധി നിയമപ്രകാരം ഒരു തൊഴിലാളി ഒറ്റത്തറിയാണെങ്കിൽ 5 രൂപയും ഫാക്ടറിയിൽ പണിയെടുക്കുന്നവ രാണെങ്കിൽ 3 രൂപയും ഫാക്ടറി ഉടമ 6 രൂപയും അംശദായമായി കൊടുക്കണം. ഇതുകൊണ്ടുമാത്രം പെൻഷൻ കൊടുക്കാൻ കഴിയാത്തതു കൊണ്ടാണ് കൈത്തറിത്തുണി വ്യാപാരികളുടെ ഒരു മാസത്തെ വിറ്റുവരവിന്റെ ഒരു ശതമാനത്തിനു തുല്യമായ തുക ഓരോ മാസവും നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ് എന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരു വർഷം 3 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഫാക്ടറികൾക്കുമാത്രമേ ഇത് ബാധകമാവുകയുള്ളൂ. കേരളത്തിൽനിന്ന്

അന്യസംസ്ഥാനങ്ങളിലേയ്ക്ക് വസ്ത്രം കയറ്റുമതി ചെയ്യുന്ന ആളുകൾക്കുകൂടി ഇത് ബാധകമാണ്. വിറ്റുവരവ് സംബന്ധിച്ചും ബില്ലിൽ വ്യവസ്ഥയുണ്ട്. ഈ ക്ഷേമനിധി ഫലപ്രദമായി നടത്തുന്നതിനുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിലുള്ള രണ്ടര ലക്ഷത്തോളം കൈത്തറിത്തൊഴിലാളികളിൽ 26,000 തൊഴിലാളികൾ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ഫലപ്രദമായി ക്ഷേമനിധി പ്രവർത്തിക്കുകയാണെങ്കിൽ കൈത്തറിത്തൊഴിലാളികൾക്ക് നല്ല ആശ്വാസം ലഭിക്കും.

ശ്രീ. വി. ജെ. തങ്കപ്പൻ: 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ട പരമ്പരാഗത വ്യവസായമാണ് കൈത്തറി. സ്ത്രീകളും കുട്ടികളും പണിയെടുക്കുന്ന കൈത്തറി മേഖലയിൽ ഏറ്റവും കുറഞ്ഞ കൂലിയാണ് ലഭ്യമാകുന്നത്. വിദേശ മാർക്കറ്റ് ലക്ഷ്യമിട്ടുകൊണ്ടാണ് കണ്ണൂരിൽ കൈത്തറി വസ്ത്രങ്ങൾ നിർമ്മിക്കുന്നത്. കലർപ്പില്ലാത്ത, പരമ്പരാഗത രീതിയിലുള്ള വസ്ത്രങ്ങൾ നെയ്യുന്ന മില്ലുകളുള്ള തിരുവനന്തപുരത്ത് തമിഴ്നാട്ടിൽ നിന്നും യന്ത്രത്തറിയിലുണ്ടാക്കുന്ന വസ്ത്രങ്ങൾ കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതാണ് ഈ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. സ്കൂളുകളിലും സർക്കാർ ഓഫീസുകളിലും കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് ഗവണ്മെന്റ് പ്രഖ്യാപനം നടത്തിയത് കൈത്തറി മേഖലയിൽ വമ്പിച്ച ചലനമുണ്ടാക്കിയിട്ടുണ്ട്. തുണിത്തരങ്ങൾക്ക് ചെറിയ ശതമാനം സെസ്സ് ഏർപ്പെടുത്തുന്നതുകൊണ്ട്

കൈത്തറി മേഖലയെ ദോഷകരമായി ബാധിക്കില്ല. ഖാദി മേഖലയെ സെസ്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. കെ.സി. വേണുഗോപാൽ : കൈത്തറിത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി സെസ്സ് പിരിക്കുന്നതിന് കൊണ്ടുവന്ന. ഈ നിയമം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കണം. കൈത്തറിക്കുണ്ടായിരുന്ന മേന്മ പവ്വർലൂം വന്നതോടുകൂടി പ്രതിസന്ധിയിലായിരിക്കുകയാണ്. കണ്ണൂരിൽ കണ്ടെയ്നർ ചരക്ക് നിർമ്മാണ കേന്ദ്രത്തിനുള്ള സ്ഥലമെടുപ്പും പൊല്യൂഷൻ നടപടികളും പൂർത്തിയാക്കി ആ പദ്ധതി യാഥാർത്ഥ്യമാക്കണം. കൈത്തറിത്തൊഴിലാളികൾക്ക് നിലവിലുള്ള കൂലിപോലും സമയത്തിന് ലഭിക്കാത്ത സാഹചര്യത്തിൽ അക്കാര്യത്തിൽ ശ്രദ്ധേയമായ മാറ്റം വരുത്തണം. ഈ മേഖലയിലെ തൊഴിലാളികൾക്ക് കൊടുക്കാനുള്ള 14 മാസത്തെ പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുന്നതിനും മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലാളികൾക്ക് പ്രസവാനുകൂല്യവും ചികിത്സാനുകൂല്യവും കൊടുക്കണം. കൈത്തറിത്തൊഴിലാളികൾ മരണപ്പെട്ടാൽ അവരുടെ ശവസംസ്കാരം നടത്തുന്നതിനുവേണ്ട ചെലവിനുള്ള തുക അവരുടെ കുടുംബത്തിന് നൽകണം. ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ രംഗത്ത് മൂന്ന് തലങ്ങളിൽ സെസ്സ് പിരിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ആലോചിച്ച് അതിന് പരിഹാരം കാണണം. ഈ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ നിയമം കുറ്റമറ്റതാക്കി,

തൊഴിലാളികൾക്ക് പൂർണ്ണമായും ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: കൈത്തറിത്തൊഴിലാളികളെ രക്ഷിച്ചു കൊണ്ട് പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ഊന്നൽ നൽകണം. കൈത്തറിത്തൊഴിലാളികളെ സഹായിക്കാൻ ധാരാളം കാര്യങ്ങൾ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുണ്ട്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ നിരവധി പ്രശ്നങ്ങളെ നേരിടുകയാണ്. കൈത്തറി ത്തൊഴിലാളി ക്ഷേമനിധി പ്രവർത്തനങ്ങൾക്ക് ഫണ്ട് പിരിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടു. ഈ ബില്ലുകൊണ്ട് കൈത്തറിത്തൊഴിലാളിക ളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമോയെന്ന് ആലോചിക്കണം. ഈ രംഗത്തുണ്ടായിട്ടുള്ള അപാകതകൾക്ക് മാറിമാറി വന്ന എല്ലാ ഗവൺമെന്റുകളും ഉത്തരവാദികളാണ്. കൈത്തറിത്തൊഴിലാളികളടക്കം മറ്റ് പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ സ്ഥിതിയും മെച്ചപ്പെടുത്തണം. തുച്ഛമായ സെസ്സ് പിരിച്ചതുകൊണ്ടുമാത്രം ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനാവില്ല. പ്രൈമറി സംഘങ്ങളിൽനിന്നും സ്വയം തൊഴിൽ കണ്ടെത്തുന്നവരിൽനിന്നും പിരിക്കുന്ന സെസ്സ് വിഹിതം ഈ മേഖലയ്ക്ക് അപകടമാകും. പല കൈത്തറി സഹകരണ സംഘങ്ങളും ജില്ലാ ബാങ്കുകളിൽനിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ അവരെ സഹായിക്കാൻ പദ്ധതികളുണ്ടാകണം. ഈ മേഖലയിലെ തൊഴിലാളികൾക്ക് കിട്ടുന്ന വേതനം വളരെ തുച്ഛമാണ്; അത് വർദ്ധിപ്പിക്കണം. കൈത്തറി മേഖല യിൽ പട്ടുവസ്ത്രങ്ങൾ എക്സ്പോർട്ടുചെയ്യുന്നതിനുള്ള വിപണന തന്ത്രം

ആവിഷ്ക്കരിക്കണം. കുറേക്കൂടി അനുഭാവപൂർവ്വമായ പദ്ധതികൾ ആവിഷ്ക്കരിച്ച് കൈത്തറി മേഖലയെ സംരക്ഷിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2002 ഫെബ്രുവരി മാസത്തിലാണ് ഹൈക്കോടതി അംശദായം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ റദ്ദ് ചെയ്തത്. 2006 ജനുവരി മാസത്തിൽ ഓർഡിനൻസ് പുറപ്പെടുവിച്ചു. നാലര വർഷക്കാലത്തെ മുഴുവൻ രേഖകളും പരിശോധിച്ച് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ഒരു സബ് കമ്മിറ്റിയെവച്ചു. 22-2-2002-ൽ ഹൈക്കോടതി വിധി വന്നതിനെത്തുടർന്ന് ആ മാസം തന്നെ യു.ഡി.എഫ്. ഗവൺമെന്റ് സബ് കമ്മിറ്റിയെ നിയമിച്ചുവെങ്കിലും ആ സമിതി പലപ്പോഴും യോഗം കൂടാറില്ലായിരുന്നു. ഒടുവിൽ 2 വർഷം കഴിഞ്ഞ് കരട് ബിൽ തയ്യാറാക്കി. തുടർന്ന് 2-2-2005-ൽ പ്രസ്തുത കരട് ബിൽ കാബിനറ്റ് അംഗീകരിക്കുകയും ഗവർണ്ണറുടെ അംഗീകാരം നേടി 27-6-2005-ന് പ്രസിദ്ധീകരിക്കുകയും ചെയ്തുവെങ്കിലും നിയമസഭയിൽ പാസ്സാക്കിയില്ല. അതിനുശേഷം 2006 ജനുവരിയിലാണ് ഓർഡിനൻസായി പ്രസിദ്ധീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യ നിയമസഭയിൽത്തന്നെ ഈ ബിൽ പാസ്സാക്കുന്നതിന് ആഗ്രഹിച്ചെങ്കിലും 10 മാസത്തിനുശേഷമാണ് ബിൽ ഇവിടെ കൊണ്ടുവരാൻ സാധിച്ചത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനു വേണ്ടിയുള്ള ബിൽ എന്ന നിലയ്ക്ക് ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിന് സെസ്സ്

പിരിവിലൂടെ 2 കോടിയോളം രൂപ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. കൈത്തറി വ്യവസായങ്ങൾക്കായി 26 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഒരു ഭാഗം കേന്ദ്ര സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് ആണ്. ദീൻദയാൽ സഹായ പദ്ധതികൾ നേടിയെടുക്കണം. മിനിമം വേജസ് കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. Town of export and Excellence -ഉം കണ്ണൂരിലെ കൈത്തറി പാർക്കും എൻ.ഡി.എ. സർക്കാരിന്റെ കാലത്തെ പ്രഖ്യാപനങ്ങളാണെങ്കിലും ഈ മേഖലയിലെ റിസർവേഷൻ അവർ എടുത്തുകളഞ്ഞു. കൈത്തറി വ്യവസായത്തെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റുന്നതോടൊപ്പം ഈ ബിൽ പാസ്സാക്കുന്നതിന് എല്ലാവരുടേയും സഹകരണം ഉണ്ടാകണം.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ, ശ്രീ. വി.ജെ. തങ്കപ്പൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ii) <u>2007-ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ അവതരിപ്പിക്കുന്നു. ബിൽ അവതരിപ്പിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഗവൺമെന്റിനുവേണ്ടി സുപ്രീംകോടതിയിലും ഹൈക്കോടതിയിലും മറ്റ് കോടതികളിലും ഹാജരാകുന്ന വക്കീലൻമാർ, ഗവൺമെന്റ് ഉദ്യോഗസ്ഥർ എന്നിവരെ പബ്ലിക് അക്കൗണ്ടന്റ്സ് നിയമത്തിൽ കൊണ്ടുവന്ന്, അവരുടെ പ്രവൃത്തിമൂലം ഗവൺമെന്റിന് നഷ്ടം ഉണ്ടായാൽ ആ നഷ്ടം അവരിൽനിന്നും ഈടാക്കാമെന്ന് പറയുന്നത് ഇന്നത്തെ സാഹചര്യത്തിൽ സംസ്ഥാനത്തെ സംബന്ധിച്ച് പ്രധാനപ്പെട്ടതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എം. മുരളി</u>: 2007-ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 3-12-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമത്തെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തയ്യാറാക്കി ഓർഡിനൻസായി അവതരിപ്പിച്ച ഒരു നിയമമാണിത്. ഇതിന്റെ മൂല നിയമമായ 1963-ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് ആക്ടിൽ വരുത്തുന്ന സുപ്രധാനമായ ഭേദഗതിയാണ് ഈ നിയത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. .സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ജില്ലാ കോടതിയിലും സർക്കാർ കക്ഷികളാകുന്ന കേസുകളിൽ ഹാജരാകുന്ന വക്കീലന്മാരും ലാ ഓഫീസേഴ്സും ഗവൺമെന്റ് പ്ളീഡർമാരും പലപ്പോഴും സർക്കാരിന്റെ താൽപ്പര്യങ്ങളെ ബലികഴിക്കുകയാണ് ചെയ്യുന്നത്. വില്ലേജ് ഓഫീസർമാർ മുതൽ സർക്കാർ ഖജനാവിലെ പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥ രുടെ വീഴ്ച കൊണ്ടോ അശ്രദ്ധകൊണ്ടോ ഉണ്ടാകുന്ന ധനനഷ്ടം ഈടാക്കാ നുമുള്ള വ്യവസ്ഥ 1963-ലെ മൂലനിയമത്തിലുണ്ട്. സുപ്രീംകോടതി മുതലുള്ള പല സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റിന് ധന നഷ്ടം വരുത്തുന്ന ലാ ഓഫീസേഴ്സിനെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനും അവരിൽനിന്നും നഷ്ടം ഈടാക്കാനുമുള്ള വ്യവസ്ഥ ചേർത്തുകൊണ്ടുള്ള നിയമഭേദഗതിക്ക് തുടക്കമിട്ടത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ഈ നിയമപ്രകാരം പൊതുഖജനാവിന് നഷ്ടം വരുത്തിയാൽ ആ പണം അവരിൽനിന്നും ഈടാക്കും. എൽ.എ.ആർ., ആർബിട്രേഷൻ, കോൺട്രാക്ട് വർക്ക്, വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ തുടങ്ങിയവയിൽ സർക്കാർ അഭിഭാഷകർ എതിർ കക്ഷികളുമായി

ഒത്തുചേർന്നുകൊണ്ട് തോറ്റുകൊടുക്കുകയും അതുവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടം പൊതുഖജനാവിന് വരുത്തുകയുമാണ് ചെയ്യുന്നത്. ടാക്സേഷൻ കേസുകൾ, ഓൺലൈൻ ലോട്ടറി, അന്യ സംസ്ഥാന ലോട്ടറി എന്നിവയെ സംബന്ധിച്ച കേസ് നടത്തിയതുവഴി കോടിക്കണക്കിന് രൂപയുടെ ധനനഷ്ടം വരുത്തിയിരിക്കുകയാണ്. സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ജില്ലാ കോടതിയിലും സർക്കാരിനുവേണ്ടി ഹാജരാകുന്ന വക്കീലൻമാരും ധനനഷ്ടം വരുത്തുകയാണ്. പ്രോസിക്യൂട്ടർമാർ, പ്ളീഡർമാർ, സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ എന്നിവരെ ഗവൺമെന്റ് കേസുകൾ വാദിക്കുന്നതിന് താൽക്കാലികമായി നിയമിക്കുന്നത് അവസാനിപ്പിക്കണമെന്നും എ.പി.പി. പോലുള്ള നിയമനങ്ങൾ സ്ഥിരമാക്കണ മെന്നും പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന് നിയന്ത്രണം ഉണ്ടാകണ മെന്നും ജസ്റ്റീസ് മളീമഠ് കമ്മീഷൻ ശുപാർശ സമർപ്പിക്കുകയും അത് മുൻ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. രാഷ്ട്രീയാടിസ്ഥാനത്തിൽ വരുന്നവർ മന:പൂർവ്വം കേസ് തോറ്റുകൊടുത്ത് സർക്കാർ ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കുന്നു. ഇത്തരക്കാർ മന:പൂർവ്വം കോടതിയിൽ ഹാജരാകാതിരിക്കുകയോ റലവന്റ് ഡോക്യുമെന്റ്സ് കോടതിയിൽ സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്നതുമൂലം കേസിൽ എതിർകക്ഷി ജയിക്കുന്നു. ഈ ബിൽ നിയമമാകുന്നതിലൂടെ ഇത്തരക്കാരിൽനിന്നും ഗവൺമെന്റിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനു കഴിയും. കഴിഞ്ഞകാല കേസുകൾ റീ-ഓപ്പൺ ചെയ്ത് ഇത്തരത്തിൽ സർക്കാർ ഖജനാവിന് ഉണ്ടാക്കിയിട്ടുള്ള നഷ്ടം ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ രംഗത്ത് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് സ്വാഗതാർഹമാണ്. സുപ്രീംകോടതി മുതൽ കീഴ്ക്കോടതി വരെയുള്ള

കേസുകൾ മുഴുവൻ വെബ്സൈറ്റിൽ ഉൾപ്പെടുത്തി കേസുകളുടെ ദിനംപ്രതിയുള്ള പുരോഗതി സുതാര്യമാക്കണം. ഓരോ കേസുകളുടെയും പുരോഗതി മോണിറ്റർ ചെയ്യാൻ പ്രത്യേക വിംഗ് ഉണ്ടാക്കണം. ഈ രംഗത്ത് പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ്സ് നടത്തരുത്.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> 2007-ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പബ്ളിക് അക്കൗണ്ടന്റ്സ് ആക്ടിന്റെ പരിധിയിൽ സർക്കാർ വക്കീലന്മാരെക്കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ടി കൊണ്ടുവന്ന ഭേദഗതി ബില്ലാണിത്. കഴിഞ്ഞ സർക്കാർ 2005-ൽ ഇത്തരത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവന്നിരുന്നു. പബ്ളിക്ക് പ്രോസിക്യൂട്ടർമാർ പലപ്പോഴും സർക്കാർ കേസുകൾ വേണ്ടവണ്ണം പഠിക്കാതെ കോടതികളിൽ ഹാജരാകുന്നതുമൂലം കേസുകൾ പരാജയപ്പെട്ട് ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്നു. ഈ നിയമത്തിന്റെ പരിധിയിൽ ഗവൺമെന്റ് വക്കീലന്മാരെ മാത്രം ഉൾപ്പെടുത്തിയാൽ പോരാ; അവർക്ക് കേസിന് ആവശ്യമായ നോട്ടുകൾ തയ്യാറാക്കിക്കൊടുക്കുന്ന ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തണം. പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും ഫലപ്രദമായ സേവനം ഉറപ്പാക്കുന്ന വിധത്തിലുള്ള മാറ്റങ്ങൾകൂടി ഈ ബില്ലിൽ ഉണ്ടാകണം. ഓൺലൈൻ സംവിധാനത്തിലൂടെ വിവരങ്ങൾ തൽസമയം ലഭ്യമാകുന്നതുമൂലം കേസുകളെ സംബന്ധിച്ച മോണിറ്ററിംഗ് എളുപ്പത്തിൽ സാധ്യമാകും. .

ശ്രീ. വി.ഡി. സതീശൻ: എല്ലാ കാലത്തും സർക്കാർ വക്കീലന്മാർ എതിർകക്ഷികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന്റെ ഫലമായി സർക്കാർ കേസുകൾ തോറ്റ ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. യാതൊരു തരത്തിലുള്ള അഡ്ജസ്റ്റ്മെന്റിനും തയ്യാറാകാതെ സർക്കാരിനുവേണ്ടി വാദിക്കുന്ന നല്ലൊരു ശതമാനം വക്കീലന്മാരുമുണ്ട്. ആ കേസുകളിൽ മെറിറ്റനുസരിച്ചായിരിക്കും ജയവും തോൽവിയും ഉണ്ടാകുന്നത്. സർക്കാരിനുവേണ്ടി ഹാജരാകുന്ന വക്കീലന്മാരെ സർക്കാർ ഉദ്യോഗസ്ഥരുടെ നിലവാരത്തിൽ കൊണ്ടുവന്ന് ഒരു അക്കൗണ്ടബിലിറ്റി ഉണ്ടാക്കാമെന്നതാണ് ഈ നിയമം കൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ കാര്യം. കേസിനെക്കുറിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് ആവശ്യമാണ്. പ്രധാനപ്പെട്ട കേസുകളിൽ അഡ്വക്കേറ്റ് ജനറൽ ഹാജരാകണമെന്നാണ് നിഷ്ക്കർഷിച്ചിട്ടു ള്ളത്. പക്ഷെ പലപ്പോഴും അങ്ങനെ ഹാജരാകാറില്ലെന്നതാണ് വാസ്തവം. സർക്കാരിനുവേണ്ടി വാദിക്കുന്ന അഭിഭാഷകർക്ക് ആവശ്യമുള്ള വിവരങ്ങൾ ഡിപ്പാർട്ടുമെന്റിൽ നിന്നും ഫർണിഷ് ചെയ്യാത്തതുമൂലം കേസ്സുകൾ തോൽക്കുന്ന സാഹചര്യമുണ്ട്. അത് ഒഴിവാക്കാൻ സർക്കാർ അഭിഭാഷകരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മന്ത്രിമാരും സെക്രട്ടറിമാരും ഇൻവോൾവ് ചെയ്തുകൊണ്ട് കേസുകളുടെ ലിസ്റ്റ് തയ്യാറാക്കി മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. ഡിപ്പാർട്ടുമെന്റുകളിലും ബോർഡുകളിലും ട്രൈബ്യൂണലുകളിലും ആർബിട്രേറ്റർമാരായിവരുന്ന ഉദ്യേഗസ്ഥർ ഗവൺമെന്റിന് കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തുന്നത് തടയാനുതകും വിധം ആർബിട്രേഷൻ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണം. സമയ ബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതുമൂലം പൊതുഖജനാവിൽ നിന്ന് പണം നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ ഒരു പരിധിവരെ സാധിക്കും.

വളരെ ഇന്റഗ്രിറ്റി ഉള്ള വക്കീലൻമാർ ആനുകൂല്യങ്ങൾ കുറവായതുകൊണ്ട് ഗവൺമെന്റ് വക്കീലായി പോകാൻ മടിക്കുന്ന അവസ്ഥയാണുള്ളത്. കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിൽ വിദഗ്ദ്ധരായ, ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിവുള്ള അഡ്വക്കേറ്റുമാരെ പാർട്ടി മാനദണ്ഡം നിലനിർത്തിക്കൊണ്ടുതന്നെ അതാത് സ്ഥലങ്ങളിൽ ഡിപ്ലോയ് ചെയ്യണം. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി ഹാജരാകുന്ന അഡ്വക്കേറ്റുമാരുടെ കാര്യത്തിലും മോണിറ്ററിംഗ് ഉണ്ടാകണം. കോടതി കളിൽ ഹാജരാകുന്ന അഡ്വക്കേറ്റുമാർക്ക് ആവശ്യമായ മെറ്റീരിയൽസും സപ്പോർട്ടും കൊടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രതിജ്ഞാബദ്ധരാണ്. കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുള്ള, വിവാദപരമായ നിയമങ്ങൾ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ഒരു ലീഗൽ അസിസ്റ്റൻസ് ഗവൺമെന്റി നുണ്ടാകുന്നത് നല്ലതാണ്. മന്ത്രിമാർ, ഗവൺമെന്റ് സെക്രട്ടറിമാർ, ഡിപ്പാർട്ടു മെന്റ് മേധാവികൾ, സർക്കാർ അഭിഭാഷകർ എന്നിവരെ ഉൾക്കൊള്ളിച്ച് സർക്കാരിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുംവിധം ഒരു സംവിധാനം ആവിഷ്ക്കരിച്ചാൽ മാത്രമേ ഈ നിയമത്തിന്റെ ലക്ഷ്യം പൂർണ്ണമായി കൈവരിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. ബി.ഡി ദേവസ്സി</u>: 2007-ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലിലെ പോരായ്മകൾ പരിഹരിച്ച് സമഗ്ര നിയമം കൊണ്ടുവന്നാൽ മാത്രമേ ഉദ്യോഗ തലത്തിലുള്ള അഴിമതിയും ക്രമക്കേടുകളും തടയാൻ കഴിയൂകയുള്ളൂ. സർക്കാരിന് വേണ്ടി കോടതിയിൽ ഹാജരാകുന്ന വക്കീലൻമാർ സർക്കാരിന് കോടികളുടെ നഷ്ടം വരുത്തിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ

വ്യവസ്ഥയുണ്ടാകണം. ഈ നിയമത്തിന്റെ പരിധിയിൽ ഗവൺമെന്റിനു വേണ്ടി ഹാജരാകുന്ന വക്കീലൻമാരെക്കൂടി ഉൾപ്പെടുത്തുന്നത് സ്വാഗതാർഹമാണ്. സർക്കാരിനുവേണ്ടി ഹാജരാകുന്ന വക്കീലൻമാർ എതിർ കക്ഷികളുമായി കൂട്ടുചേർന്ന് ഒരു കോക്കസായി പ്രവർത്തിച്ച് സർക്കാർ കേസുകൾ പരാജയപ്പെടുത്തുന്നതുമൂലം കോടിക്കണക്കിന് രൂപ ഖജനാവിന് നഷ്ടം വരുത്തുന്നത് തടയാൻ കഴിയണം. വൻകിട പദ്ധതികൾക്ക് കരാർ നൽകുമ്പോൾ കരാറുകാർക്ക് അനുകൂലമായ ആർബിട്രേഷൻ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തി ബോധപൂർവ്വമായ കാലതാമസം വരുത്തുകയും കരാറുകാർക്ക് ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുന്നതിന് അവസരം ഉണ്ടാക്കിക്കൊടുക്കുകയുമാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. കേസുകൾ നിരീക്ഷിക്കുന്നതിന് ഓൺലൈൻ സംവിധാനം കൊണ്ടുവരുമെന്നും കേസ് നടത്തിപ്പിൽ വീഴ്ച വരുത്തുന്ന വക്കീലൻമാരെ മാറ്റുന്നതാണെന്നുമുള്ള സർക്കാർ പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. വക്കീലൻമാരുടെ വീഴ്ചമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം അവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി ഉണ്ടാകണം. ഈ ബിൽ എത്രയും വേഗം നടപ്പിലാക്കണം.

<u>ശ്രീ. കെ. രാജു</u>: ഈ ബില്ലിനെ അനുകൂലിക്കുന്നു. മിസ് കോൺഡക്ടും ഡിഫോൾട്ടും നടത്തുന്ന വക്കീലൻമാരുടെ പേരിൽ നടപടി സ്വീകരിക്കാൻ നിയമം നിലവിലുള്ളപ്പോൾ സർക്കാർ ഉദ്യോഗസ്ഥരുടെ പട്ടികയിൽ ഉൾപ്പെടുത്തി ഇത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നാൽ അത് നില നിൽക്കുമോ എന്നുള്ളത് പരിശോധിക്കണം. ഡിഫോൾട്ട് വരുത്തുന്ന ഒരു വക്കീൽ കോടതിയിൽ ഹാജരാകാതിരിക്കുകയോ ബന്ധപ്പെട്ട രേഖ മന:പ്പൂർവ്വം ഹാജരാക്കാതിരിക്കുകയോ ചെയ്യുന്നതുകൊണ്ട് സർക്കാരിനു ണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദി വക്കീൽ തന്നെയാണ്. എന്നാൽ

ഡിപ്പാർട്ടുമെന്റൽ കേസുകൾ നടത്തിക്കുന്ന കാര്യത്തിൽ വക്കീലിന് ആവശ്യ മായിട്ടുള്ള ഇൻഫർമേഷനും എവിഡൻസും കൊടുക്കാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർക്കുണ്ട്. അത് നിർവ്വഹിക്കാത്ത തുമൂലം കേസുകൾ നീണ്ടുപോവുകയും പരാജയപ്പെടുകയും കോടതിയിൽ നിന്ന് കമന്റ് ഉണ്ടാവുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. ഇപ്പോൾ കോടതികൾ തന്നെ കേസുകൾ നീണ്ടുപോകുന്നതിനെതിരെ വളരെയധികം ശുഷ്ക്കാന്തി കാണിക്കുകയും അവധി അനുവദിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ക്രിമിനൽ കേസുകളിലും ഫുഡ് അഡൽറ്ററേഷൻ കേസുക ളിലും 90 ശതമാനം കേസുകളും ശിക്ഷിക്കപ്പെടുകയാണ്. അതുകൊണ്ട് വക്കീലൻമാരുടെ പാളിച്ചകൊണ്ട് സർക്കാർ കേസുകളെല്ലാം തോൽക്കുന്നു എന്നുപറയുന്നത് ശരിയല്ല. മന:പ്പൂർവ്വമായി സർക്കാർ കേസുകൾ പരാജയപ്പെ ടുത്തി അതിന്റെ പേരിൽ പ്രതിഫലം ഉണ്ടാക്കാൻ ശ്രമിക്കുന്നവരെ നിയന്ത്രി ക്കാൻ നിയമമുണ്ട്. ബാർ കൗൺസിലിൽ റിപ്പോർട്ട് ചെയ്താൽ അവരുടെ സന്നത് തന്നെ പോകും. വീഴ്ച വരുത്തുന്ന സർക്കാർ ഉദ്യോഗ സ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള നിയമത്തിൽ അഡ്വക്കേറ്റുമാ രെക്കൂടി ഉൾപ്പെടുത്തിയാൽ അവർ കോടതിയിൽ പോകാനും നിയമം ചോദ്യം ചെയ്യപ്പെടാനും ഇല്ലീഗലാണെന്ന് പ്രഖ്യാപിക്കപ്പെടാനുമുള്ള സാധത കളുള്ളതുകൊണ്ട് സർക്കാർ വക്കീലിനെ നിയമിക്കുമ്പോൾ കൃത്യമായ നിബന്ധനകൾ വയ്ക്കുന്നതാണ് നല്ലത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഈ ബില്ലിനെപ്പറ്റി പലരും മുന്നോട്ടുവച്ച നല്ല നിർദ്ദേശങ്ങൾ ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുകയാണ്. ഗവണ്മെന്റിന് ഒരുപാട് നഷ്ടം വരുത്തുന്നു എന്ന

കാലാകാലങ്ങളിലുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു നിയമനിർമ്മാണത്തിന് ഗവണ്മെന്റ് മുന്നോട്ടുവന്നത്. സർക്കാർ ഉദ്യോഗസ്ഥർ വരുത്തുന്ന നഷ്ടങ്ങൾക്ക് എത്രകാലം കഴിഞ്ഞാലും ബന്ധപ്പെട്ടവരിൽനിന്നും റവന്യൂ റിക്കവറി നടത്താനുള്ള വ്യവസ്ഥകളുണ്ട്. പ്രഗൽഭരായ അഭിഭാഷകർ ഗവണ്മെൻറിനുവേണ്ടി സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഉണ്ട്. കേസിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് നിയമവകുപ്പും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വകുപ്പും നോക്കേണ്ടതാണ്. ഈ നിയമം ഇംപ്ളിമെന്റ് ചെയ്യുന്ന സ്റ്റേജിൽ ലാ ഡിപ്പാർട്ടുമെന്റിന് പൂർണ്ണമായ പങ്ക് വഹിക്കേണ്ടിവരും. പെപ്സിക്കോള ഗവണ്മെന്റിന് നൽകേണ്ടിയിരുന്ന നികുതി സംബന്ധിച്ച കേസ് ഹൈക്കോടതിയിൽ വളരെ ശുഷ്കാന്തിയോടെ നടത്തി. ഒരുകോടി രൂപ അടച്ചു. ബാക്കി ഒരുകോടി രൂപ പിറ്റേ ദിവസം തന്നെ അടയ്ക്കാമെന്ന് ഉറപ്പുതന്നു. ഈ നിയമം പാസ്സാകുന്നതോടുകൂടി ഏതുതരത്തിലുള്ള നഷ്ടമാണ് വരുത്തിയതെന്ന് ഉറപ്പുവരുത്തി ബന്ധപ്പെട്ടവരിൽനിന്നും തുക ഈടാക്കാനുള്ള അധികാരം ലഭിക്കുന്നതാണ്. അതിന് എല്ലാ ഡിപ്പാർട്ടുമെന്റിനും ഉത്തരവാദിത്വമുണ്ട് ഗവണ്മെന്റിനുവേണ്ടി നല്ലവണ്ണം കേസ് വാദിച്ച് ജയിക്കാനുള്ള സപ്പോർട്ട് വക്കീലന്മാർക്ക് കൊടുക്കേണ്ടത് ഓരോ വകുപ്പും ആണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി(ശ്രീ. എം. വിജയകുമാർ): നിലവിലുള്ള നിയമം അനുസരിച്ച് സർക്കാർ ലാ ഓഫീസർമാരുടെ കാര്യത്തിൽ വീഴ്ചവരുത്തിയാൽ നടപടിയെടുക്കാനും അവരെ നീക്കം ചെയ്യാനും അധികാരമുണ്ട്. പക്ഷേ അവരിൽ നിന്ന് സാമ്പത്തിക നഷ്ടം ഈടാക്കാനുള്ള അധികാരം സർക്കാരിനില്ല. സർക്കാരിന്റെ സ്വത്തും താൽപ്പര്യങ്ങളും

നിയമപരമായി സംരക്ഷിക്കാനുള്ള ബാധ്യത ലാ ഓഫീസർമാർക്കാണ്. അതുകൊണ്ട് അതുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പുതിയ നിയമനിർമ്മാണമാണ് വേണ്ടത്. കാലാകാലങ്ങളിൽ ലാ ഓഫീസർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള സംവിധാനം വേണം. കേരളത്തിലെ 14 ജില്ലാ കോടതികളേയും ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനവും ആരംഭിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമാദമായ വീഴ്ചകൾ റിവ്യൂചെയ്ത് ബന്ധപ്പെട്ടവരിൽനിന്നും നഷ്ടം ഈടാക്കാനും, അല്ലെങ്കിൽ ഇതിൽ ഉത്തരവാദിത്വമുണ്ടെന്ന് ജനങ്ങളെ അറിയിക്കാനെങ്കിലും കഴിഞ്ഞാൽ അതൊരു വലിയ കാര്യമാണ്. ചില കേസുകൾ റീഓപ്പൺ ചെയ്യാൻ കഴിയുമോയെന്നു പരിശോധിക്കണം. സ്റ്റേറ്റിന്റെ താൽപ്പര്യം നോക്കി വരുമാനം നഷ്ടമാകാതെ കേസുകൾ വിജയിപ്പിക്കാനും ഗവൺമെന്റിന്റെ ഭാഗം ശരിയായ രീതിയിൽ ബോധ്യപ്പെടുത്താനും കഴിഞ്ഞാൽ സുപ്രീംകോടതിയിലും ഹൈക്കോടതിയിലുമൊക്കെ ഗവണ്മെന്റിനു വിജയിക്കാൻ കഴിയും. കൊക്കകോള നിരോധിക്കുന്ന കേസ് ഈ ഗവണ്മെന്റിന്റെ കാലത്ത് വന്നതാണ്. ചില കേസുകളുടെ വിധി വരാനുള്ള കാലതാമസം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇപ്പോഴുള്ള സംവിധാനം ഒന്നുകൂടി ശക്തിപ്പെടുത്തി നിയമപരമായ സപ്പോർട്ടുംകൂടി വരുമ്പോൾ നല്ല രീതിയിൽ മുമ്പോട്ടുപോകാൻ കഴിയും ഈ ബിൽ പാസ്സാക്കുന്നതോടുകൂടി പുതിയൊരു കാൽവയ്പാണ് ഈ രംഗത്ത് വരാൻപോകുന്നത്. ഒരു നിശ്ചിത പീരീഡ് എടുത്ത് ഇത് റിവ്യൂ ചെയ്യണം. ഭാവിയിൽ നഷ്ടം വരാത്ത രീതിയിൽ, നിയമത്തിന്റെ സപ്പോർട്ടോടുകൂടി ഗവണ്മെന്റിന്റെ താൽപ്പര്യങ്ങൾ

സംരക്ഷിക്കാനും ഗവണ്മെന്റിലേയ്ക്കു കിട്ടേണ്ട റവന്യൂ വരുമാനം നഷ്പ്പെടാതെ കൊണ്ടുപോകാനും കഴിയണം. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണമാണിത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

2007-ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ ഭൂനികുതിയും മൽസ്യബന്ധനവും സംബന്ധിച്ച II- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## (2) 2007-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2007-ലെ കേരള ധനവിനിയോഗ(വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2007-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ എതിർക്കുന്നു. റവന്യൂ കമ്മിയിലും ആളോഹരി കടത്തിലും കേരളം മുന്നിലാണ്. യു.ഡി.എഫ് ഭരണകാലത്ത് തുടങ്ങിയ പല കാര്യങ്ങളും എൽ.ഡി.എഫ്. ചെയ്തതായി അവകാശപ്പെടുന്നത് ശരിയല്ല. ഹജ്ജ് ഹൗസിനുവേണ്ടി യു.ഡി.എഫ് ഗവൺമെന്റാണ് കൂടുതൽ തുക നൽകിയത്. പി.ഡബ്ളിയു.ഡി.യുടെ കാര്യത്തിൽ ടെന്റർ ക്ഷണിക്കാതെ കരാർ കൊടുത്തു എന്നുപറയുന്നത് ശരിയല്ല. കീഴ്വഴക്കങ്ങളും പി.ഡബ്ളിയു.ഡി. കോഡും മാനുവലും മാനദണ്ഡമായി എടുത്താണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്.

<u>ശ്രീ. കെ.സി. രാജഗോപാലൻ</u>: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കുന്ന ഈ ഗവണ്മെന്റ് എല്ലാ മേഖലകളിലും വൻ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. ഈ ഗവണ്മെന്റിന്റെ വ്യവസായനയവും തൊഴിൽനയവും കേരളത്തിലെ പ്രതിപക്ഷ തൊഴിലാളി സംഘടനകൾ പോലും അംഗീകരിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചു. കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ മേഖലയിലെ തൊഴിലാളികൾ ഇന്ന് വളരെ സന്തോഷത്തിലാണ്. പൊതുമേഖലാസ്ഥാപനങ്ങൾ നവീകരിക്കുന്ന തിനും പൂട്ടിയവ തുറക്കുന്നതിനും ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിനും ഈ ഗവണ്മെന്റ് നടപടിയെടുത്തു. കൈത്തറി, ഖാദി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്ക്കരിച്ചു. സർക്കാർ ജീവനക്കാർ ആഴ്ചയിലൊരു ദിവസം കൈത്തറി/ഖാദി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന ആഹ്വാനംമൂലം കൈത്തറിമേഖലയിൽ

വൻ മാറ്റം ഉണ്ടായിരിക്കുന്നു. അതോടൊപ്പം ഖാദിയുടെ മറ്റ് ഉൽപന്നങ്ങളും വിറ്റഴിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. തൊഴിൽരംഗം ശക്തിപ്പെടുത്തുന്നതിനും കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ഈ ഗവണ്മെന്റിനു കഴിഞ്ഞു. പ്ളാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയും അധികഭാരം അടിച്ചേൽപ്പിക്കുകയും ചെയ്തപ്പോൾ അതിന്മേൽ ഇടപെട്ട് പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റിനു കഴിഞ്ഞു. ഫോറസ്റ്റ് മസ്ദൂർ സംഘം തൊഴിലാളികൾ നടത്തിയിരുന്ന ഫോറസറ്റ് സംരക്ഷണ പ്രവർത്തനം ഇപ്പോൾ കോൺട്രാക്ടറെ ഏൽപ്പിച്ചതിൽ അഴിമതിയുണ്ടോയെന്ന് പരിശോധിക്കണം. ചെറുകിട പ്ളാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ക്ഷേമനിധി നടപ്പിലാക്കണം. ഫോറസ്റ്റ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കണം. സ്ത്രീകൾ മാത്രം പണിയെടുക്കുന്ന ഈറ്റ, കാട്ടുവള്ളി തുടങ്ങിയ മേഖലയിലെ തൊഴിലാളികൾക്ക് കൂലി പുതുക്കി നിശ്ചയിക്കണം. അടച്ചുപൂട്ടിയിരുന്ന കള്ളുഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കാനും, വ്യാജ മദ്യം തടയാനും എക്സൈസ് റെയിഞ്ച് ഓഫീസുകൾ തുറക്കാനും ഗവണ്മെന്റ് നടപടി സ്വീകരിച്ചു. എക്സൈസ് വകുപ്പിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കണം. ലേലം കഴിഞ്ഞാൽ ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങുന്ന അവസ്ഥ തടയണം. ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നത് ജനപങ്കാളിത്തത്തോടുകൂടിയുള്ള വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സഹായകരമാകും. ഗതാഗത മേഖലയിലെ മൽസര ഓട്ടം നിയന്ത്രിക്കാനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കാനും കഴിയുന്ന വിധത്തിൽ 1989-ലെ

കേന്ദ്ര മോട്ടോർ ട്രാൻസ്പോർട്ട് നിയമം ഭേദഗതി ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഓരോ നിയോജകമണ്ഡലത്തിലും ഓരോ സഹകരണ ആശുപത്രി സ്ഥാപിക്കുമെന്നും മൂന്ന് സഹകരണ എൻജിനിയറിംഗ് കോളേജുകൾ ആരംഭിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. പത്തനംതിട്ട ജില്ലയിൽ സെൻട്രൽ ജയിൽ ആരംഭിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം. പിന്നോക്കജില്ല എന്ന നിലയിൽ പത്തനംതിട്ട ജില്ലയുടെ വികസനത്തിനുവേണ്ട നടപടി സ്വീകരിക്കണം. വിലക്കയറ്റം ശാസ്ത്രീയ രീതിയിൽ നേരിടാൻ കഴിഞ്ഞ ഇച്ഛാശക്തിയുള്ള ഗവണ്മെന്റാണിത്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ എതിർക്കുന്നു. സംസ്ഥാനം അതീവഗുരുതര പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. എല്ലാ മേഖലകളിലും സാമ്പത്തിക തകർച്ച അനുഭവപ്പെടുന്നു. കുറ്റകൃത്യങ്ങൾ, വർഗ്ഗീയ കലാപങ്ങൾ, കവർച്ച, മയക്കുമരുന്ന് തുടങ്ങിയവയ്ക്ക് കാര്യമായ നിയന്ത്രണമേർപ്പെടുത്താൻ കഴിയാത്ത ദുർബലമായ ഗവണ്മെന്റിനെയാണ് കോടിക്കണക്കിന് രൂപയുടെ ധനവിനിയോഗം ഏൽപ്പിക്കുന്നത്. പല വകുപ്പുകളിലേയ്ക്കും നീക്കിവച്ചിരിക്കുന്ന തുക ചെലവഴിക്കാൻ കഴിയുകയില്ല. റോഡുകൾ, പാലങ്ങൾ തുടങ്ങിയ വർക്കുകൾക്ക് നാമമാത്രമായ തുകയാണ് വകകൊള്ളിച്ചിരിക്കുന്നത്.

<u>ശ്രീ. രാജാജി മാത്യു തോമസ്</u> : ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിലെ ജനജീവിതത്തിൽ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു കർമ്മ പരിപാടിക്കാണ് ബഡ്ജറ്റ് ലക്ഷ്യം വയ്ക്കുന്നത്. ഉദ്യോഗസ്ഥ സംവിധാനത്തിൽ ആവശ്യമായ അഴിച്ചുപണി ആ ലക്ഷ്യസാക്ഷാത്ക്കാരത്തിന് ആവശ്യമാണ്. വിവിധ

വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അപര്യാപ്തത അടിയന്തിരമായി പരിഹരിക്കണം. സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിൽ പോകുമ്പോൾ അവിടെ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ധാരാളം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ ഗവണ്മെന്റ് തസ്തികകൾ വെട്ടിക്കുറച്ചതിന്റെ ഫലമായി ആ ഭരണ സംവിധാനം ഇന്ന് നിശ്ചലമായിരിക്കുന്നു. ഭൂപരിഷ്ക്കരണ നിയമത്തിന്റെ പ്രയോജനം അവശേഷിക്കുന്ന ആയിരക്കണക്കിന് ജനങ്ങൾക്ക് ലഭിക്കണമെങ്കിൽ അവർക്കുകൂടി പട്ടയം നൽകണം. വളരെയേറെ പ്രതീക്ഷ നൽകുന്ന വിവിധതരം പദ്ധതികൾ നടപ്പാക്കണമെങ്കിൽ റവന്യൂ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കണം. നിലവിലുള്ള ജീവനക്കാരെ വച്ചുകൊണ്ട് ഈ ദൗത്യം നിർവഹിക്കാൻ കഴിയാത്തതിനാൽ കൂടുതൽ ജീവനക്കാരെ അനുവദിക്കണം. നാടിന്റെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്ന മണലൂറ്റൽ, റവന്യൂഭൂമി കൈയ്യേറ്റം തുടങ്ങിയവ തടയുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം. ലോകത്തിലെ വൻകിട നഗരങ്ങളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പ്പിറ്റൽപോലുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും അസ്സസ് ചെയ്യാനും അതിൽ നിന്നും ഗവണ്മെന്റിന് ലഭ്യമാകുന്ന റവന്യൂ പിരിച്ചെടുക്കാനും റവന്യൂ വകുപ്പിലൂടെ സാധിച്ചാൽ കോടിക്കണക്കിന് രൂപ ഖജനാവിലേയ്ക്ക് സ്വരൂപിക്കാൻ സാധിക്കും.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u> : ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. കാർഷികരംഗത്ത് ആയിരം കോടി രൂപ ചെലവഴിക്കുന്നതും ആരോഗ്യ രംഗത്ത് വലിയ മാറ്റമുണ്ടാക്കുന്നതും ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതും സ്വാഗതാർഹമാണ്.

താലൂക്കാശുപത്രികളിലും മറ്റ് ആശുപത്രികളിലും വികസനപ്രവർത്തനങ്ങൾ വരാൻ പോവുകയാണ്. പൊതുമേഖലാരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ വളരെ വലുതാണ്. കേന്ദ്രം ആഗോളവൽക്കരണത്തെ സ്വാഗതം ചെയ്യുമ്പോൾ അതിനെതിരെയുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നത് സ്വാഗതാർഹ മാണ്. വിദ്യാഭ്യാസരംഗത്ത് വിദേശനിക്ഷേപം കൊണ്ടുവരാൻ പോകുന്നുവെ ന്നത് നല്ല കാര്യമാണ്. .

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. ചീഫ് സെക്രട്ടറിയെക്കാൾ വലിയ പ്രോട്ടോക്കോളാണ് എം.എൽ.എ.മാർക്കുള്ളതെങ്കിലും ഒരു വില്ലേജാഫീസ റുടെ സ്റ്റാറ്റസിൽ പോലും ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവി ലുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ എം.എൽ.എ.മാർക്ക് ലഭിക്കുന്ന ശമ്പള ത്തേയും ആനുകൂല്യങ്ങളേയും–കാൾ കുറഞ്ഞ നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് കേരളത്തിൽ എം.എൽ.എ.മാർക്ക് ലഭിക്കുന്നത്. ദിവസേന പത്ത് –പതിനഞ്ച് പരിപാടികളിൽ പങ്കെടുക്കേണ്ടതിന് യാത്ര ചെയ്യേണ്ട എം.എൽ.എ മാർക്ക് വളരെയധികം യാത്രാച്ചെലവുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. സ്പീക്കർ മുൻകൈയെടുത്ത് ഈ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കണം.

ശ്രീ. എം.എം. മോനായി: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ 50 വർഷത്തെ ഇടതുപക്ഷ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തെ മുന്നോട്ടു നയിക്കുന്ന ബഡ്ജറ്റും ധനവിനിയോഗ ബില്ലും അവതരിപ്പിച്ചിട്ടുള്ളത്. വ്യക്തമായ ദർശനങ്ങളുള്ള ഈ ബഡ്ജറ്റിനെ ആർക്കും വിമർശിക്കാൻ കഴിയില്ല. ധനകാര്യ വകുപ്പുമന്ത്രി

ആത്മാർത്ഥമായിട്ടാണ് കേരളത്തിലെ പ്രശ്നങ്ങളെ കാണുന്നത്. അഴിമതി വ്യാപകമാക്കിയ ഒരു ഭരണമാണ് കഴിഞ്ഞ 5 വർഷക്കാലം ഇവിടെ നടന്നത്. കെ.എസ്.ടി.പി.യിലെ അഴിമതി ഒരു ഉദാഹരണം മാത്രമാണ്. തീരദേശ നിവാസികൾക്കായി വിനിയോഗിക്കേണ്ട സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചു. സംസ്ഥാനത്ത് 9.2 ശതമാനം സാമ്പത്തിക വളർച്ച ഉണ്ടായിട്ടും തൊഴിലില്ലായ്മ വർദ്ധിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ തിരുത്തുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വികേന്ദ്രീകരണ ആസൂത്രണത്തിന്റെ തിരിച്ചുവരവാണ് സംസ്ഥാന ബഡ്ജറ്റിലൂടെ പ്രകടമാകുന്നത്.

<u>ശ്രീ. കെ. ബാബു</u> : ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ എതിർക്കുന്നു. ഈ ധനവിനിയോഗ ബിൽ പാസ്സായാലും ചെലവഴിക്കാൻ കഴിയില്ല. നടപ്പുവർഷം (31.1.2007 വരെ) ചെലവാക്കിയത് 2495 കോടി രൂപ മാത്രമാണ്. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാതെ 100 ശതമാനം ചെലവാക്കുമെന്ന് ഉറപ്പുനൽകണം. നികുതി പിരിവിന്റെ കാര്യത്തിൽ 7000 കോടി രൂപ അടുത്ത വർഷം കളക്ട് ചെയ്യുമെന്നാണ് കണക്ക്. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന വാറ്റ് സമ്പ്രദായം അന്നത്തെ പ്രതിപക്ഷം എതിർത്തിരുന്നുവെങ്കിലും വാറ്റ് നടപ്പാക്കിയതിലൂടെ കഴിഞ്ഞ വർഷത്തെ നികുതി പിരിവ് വർദ്ധിച്ചുവെന്നുള്ളത് ഒരു വസ്തുതയാണ്. 1996 മുതൽ 2001 വരെ അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ 3976 കോടി രൂപയാണ് പഞ്ചായത്തുകൾക്ക് കൊടുത്തതെങ്കിൽ തുടർന്നുവന്ന യു.ഡി.എഫ്. ഗവൺമെന്റ് 6274 കോടി രൂപ കൊടുത്തു.

6586 കോടി രൂപ ഇത്തവണ നൽകുമെന്നാണ് പറയുന്നത്. അടുത്തവർഷം ഒരു പ്ളാൻ ഹോളിഡേ ഉണ്ടാകാൻ പോകുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. മത്സ്യമേഖലയിൽ 600 കോടി രൂപയുടെ പദ്ധതി നടപ്പാക്കി യെന്നാണ് പറഞ്ഞിട്ടുള്ളത്. ആ തുക ചെലവാക്കിയോയെന്നും, കഴിഞ്ഞ പത്തുമാസംകൊണ്ട് സുനാമി ഫണ്ടിൽനിന്ന് എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കണം. പോലീസ് വകുപ്പിനുവേണ്ടി ഒന്നരക്കോടി രൂപയുടെ ആയുധങ്ങൾ ഈ ഗവൺമെന്റ് വാങ്ങാൻ പോവുകയാണ്. വിദ്യാഭ്യാസം തുടരാൻ കഴിയാത്തതുമൂലം ആത്മഹത്യ ചെയ്ത രജനി എസ്. ആനന്ദിന്റെ അമ്മയെ പോലീസുകാർ പിടിച്ചുതള്ളിയതായി വാർത്ത വന്നിരിക്കുകയാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ സംഭവം സംബന്ധിച്ച് അന്വേഷിക്കുന്നതിന് സ്പെഷ്യൽ സെൽ എസ്.പി.യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : ഇന്ന് രാഷ്ട്രീയ കൊലപാതകങ്ങൾ നിരന്തരം നടക്കുകയാണ്. നന്ദിഗ്രാമിൽ ഉണ്ടായ വെടിവയ്പ്പിനെ ന്യായീകരിക്കുന്ന സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ നേതാക്കൾ സ്വീകരിച്ചിരിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്): അടുത്ത നാല് മാസത്തേക്ക് 12975 കോടി രൂപയുടെ വോട്ട് ഓൺ അക്കൗണ്ടിനുള്ള അപ്രോപ്രിയേഷൻ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അടുത്ത വർഷത്തെ മൊത്തം ഗ്രോസ് എക്സ്പെൻസസ് 38926 കോടി രൂപയാണ്. കടം വീട്ടിക്കഴിഞ്ഞാൽ 21950 കോടി രൂപയാണ് നെറ്റ് എക്സ്പെന്റിച്ചർ.

അതുപോലെ അടുത്ത നാല് മാസത്തേയ്ക്കുള്ള 12975 കോടിയിൽ 9650 കോടി രൂപയാണ് നെറ്റ് എക്സ്പെന്റിച്ചർ. ഹജ്ജ് ഹൗസിന് 2004-05–ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ നൽകുമെന്നുപറഞ്ഞുവെങ്കിലും രണ്ട് വർഷത്തിനുശേഷമാണ് ഉത്തരവിറക്കിയത്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഈ വർഷം തന്നെ ഒരു വർക്ക് വീതം ടെണ്ടർ വിളിക്കുന്നതിന് തുക അനുവദിക്കുന്നതാണ്. ഈ രീതിയിൽ അടുത്ത സാമ്പത്തിക വർഷാരംഭത്തിലും ഒരു വർക്കിന് ആവശ്യമായ തുക വകയിരുത്തുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും തുടങ്ങിവച്ച പണികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും.. എം.എൽ.എ.മാരുടെ ശമ്പളവും അലവൻസും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതാണ്. എന്നാൽ ഇത് ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുക തുടങ്ങിയ അത്യാവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്യുന്നതിന് തടസ്സമാകില്ല. മീഡിയം ടേം ഫിസ്ക്കൽ അഡ്ജസ്റ്റ്മെന്റ് പ്രോഗ്രാം പ്രകാരം 2010-2011 –ൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുള്ള പരിപാടിയാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന് കിട്ടാവുന്ന പണം നികുതിയായും വായ്പയായും കിട്ടുന്നതിന് പരിധിയുണ്ട്. ശമ്പളത്തിനായി കൂടുതൽ തുക വകയിരുത്തിയാൽ അത് പദ്ധതി നടത്തിപ്പിനെ ബാധിക്കും. എം.എൽ.എ.മാർ റോഡ് പണികൾക്കായി ഭൂമി ലഭ്യമാക്കി എസ്റ്റിമേറ്റ് തന്നിട്ടുള്ള വർക്കുകൾ ചെയ്യുന്നതാണ്. റോഡുകൾക്ക് 8 മീറ്റർ വീതിവേണം എന്ന നിബന്ധന പാലിക്കേണ്ടതാണ്. നബാർഡിൽ നിന്നുള്ള പണം

പദ്ധതികൾക്കായി വേർതിരിച്ച് ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അത്യാവശ്യ റോഡുകൾ ഉൾപ്പെടുത്തി ചെയ്യാനും ബാക്കിയുള്ളവ പണത്തിന്റെ അലോക്കേഷൻ അനുസരിച്ച് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയുടെ 20 ശതമാനം കെ.എസ്.ടി.പി.ക്കും ജപ്പാൻ കുടിവെള്ള പദ്ധതിക്കും മറ്റുമായി വകയിരുത്തിയിരിക്കുകയാണ്. എൻട്രി ടാക്സ് ഇല്ലെങ്കിൽ ഉയർന്ന നിരക്കിൽ നികുതി പിരിക്കാൻ സാധ്യമല്ല. കേന്ദ്ര ധനസഹായം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുന്നതാണ്. ധനവൈഷമ്യത്തിൽനിന്നും 3 വർഷം കൊണ്ട് കരകയറാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. പല മേഖലകൾക്കും അനുവദിച്ച തുകയിലെ അപര്യാപ്തത ഭാവിയിൽ നികത്താമെന്ന് ഉറപ്പുനൽകുന്നു. ഈ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2007-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## <u>1-ാം വകുപ്പും  പീഠികയും പേരും</u>

1-ാം വകുപ്പും  പീഠികയും പേരും ബില്ലിന്റെ  ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും  പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2007-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം 24- നെതിരെ 77 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.12-ന് പിരിഞ്ഞു.

* * * * * * *   *  * *  * *